16. അതിജീവനതന്ത്രം മാധവിക്കുട്ടിയുടെ നോവലുകളിൽ
സൗമ്യാ പോൾ...139
17. ആരാച്ചാർ : ഒരു ചരിത്രാഖ്യായികയുടെ അവതരണം
സുബിൻ ജോസ് കെ. ...147
18. ചരിത്രപരത – ടി. ഡി. രാമകൃഷ്ണന്റെ നോവലുകളിൽ
സൂര്യനാരായണൻ എം. കെ...157
19. അന്ധകാരനഴി – രാഷ്ട്രീയചരിത്രത്തിന്റെ തന്മാത്രാരൂപം
വീണ കെ ...168
20. സ്വത്വവിചാരം; റോസ്മേരിയുടെ ആകാശങ്ങളിൽ
വിൻസി ടി. വി. ...177
21. ചരിത്രപ്രതിഫലനത്തിന്റെ സ്വത്വാവിഷ്കാരം
അബ്രാഹം കെ. ജെ. ...184
22. സൈബർസാഹിത്യവും ഭാവുകത്വപരിണാമവും
സാബു കോട്ടുക്കൽ ...193

ലേഖക പരിചയം ...197

Scanned with CamScanner

അതിജീവനതന്ത്രം മാധവിക്കുട്ടിയുടെ നോവലുകളിൽ

സൗമ്യാ പോൾ

ജൈവസത്ത നിലനില്ക്കണമെങ്കിൽ അനുയോജ്യമായ സാഹചര്യങ്ങളും അതിൽനിന്നുളവാകുന്ന സന്തുലിതാവസ്ഥയും അനിവാര്യമാണ്. ജീവിതത്തിന്റെ തുലനാവസ്ഥയ്ക്ക് ചലനം ഉണ്ടാകുന്നതിലൂടെ അതിജീവനം ആവശ്യമായി വരുന്നു. മനുഷ്യരായാലും ഇതര ജീവജാലങ്ങളേതായാലും അസന്തുലിതചുറ്റുപാടിൽനിന്ന് അതിജീവനമാർഗ്ഗങ്ങൾ ഏതുപയോഗിച്ചും ജീവനം സാധ്യമാക്കാൻ പരിശ്രമിക്കുന്നു. ജീവിതപ്രക്രിയയുടെ ഭാഗമായ ഇത്തരം പൊരുത്തപ്പെടലുകൾ അനുയോജ്യമായ സന്ദർഭങ്ങൾക്കനുസരിച്ച് പരുവപ്പെടുത്തുക എന്നതാണല്ലോ മേധാവിവേകികളായ മനുഷ്യർക്കാവശ്യം. ജീവിതത്തിന്റെ പ്രതിഫലനമായ സാഹിത്യത്തിലും ഇത്തരം അതിജീവനരീതികൾ ദർശിക്കുവാനാകും.

മലയാളത്തിലും ഇംഗ്ലീഷിലും കൃതികൾ രചിച്ച് അനുവാചകരുടെ മനസുകളിൽ ഈ നവബോധത്തെ ഉണർത്തിയ എഴുത്തുകാരിയാണ് മാധവിക്കുട്ടി എന്ന കമലസുരയ്യ. വ്യക്തികൾ ദീക്ഷിക്കുന്ന അതിജീവനനിലപാടുകളെ വിലയിരുത്തുന്നതിലൂടെ പ്രകൃതിയും മനുഷ്യരും തമ്മിൽ ഇടപഴകുമ്പോൾ സന്തുലിതമായ ജീവനക്രമം എങ്ങനെ സമരസപ്പെടുത്തുന്നുവെന്ന് നീർമാതളം പൂത്തകാലം, എന്റെ കഥ, വണ്ടിക്കാളകൾ, ചന്ദനമരങ്ങൾ എന്നീ കൃതികളെ മുൻനിർത്തി പഠിക്കാവുന്നതാണ്. മനുഷ്യരുടെ ജീവനരീതികളും തുടർന്നുള്ള നിലനില്പിനു വേണ്ടിയുള്ള സമരങ്ങളുമാണ് ഈ കൃതികളുടെ മുഖ്യപ്രമേയം. വ്യക്തി സ്വതന്ത്രമായും സമൂഹത്തോട് ഇടപഴകിയും ജീവിക്കുവാൻ ആഗ്രഹിക്കുകയും സമഷ്ടി വ്യഷ്ടിയോട് ഇടപഴകുന്നതിന് ആവശ്യപ്പെടുകയും ചെയ്യുന്നു. ഈ ഇടപെടൽ കൂടിച്ചേരലുകളായോ കലഹങ്ങളായോ ആണ് മാധവിക്കുട്ടി കൃതികളിൽ ആവിഷ്കരിച്ചിട്ടുള്ളത്. ഈ വ്യക്തികളാകട്ടെ

Scanned with CamScanner

ദൃശ്യ-അദൃശ്യലോകങ്ങൾ തമ്മിലുള്ള ഈ പൊരുത്തക്കേടുകൾ വക വയ്ക്കാതെ, പരിഭവമോ പരാതിയോ കൂടാതെ അതിജീവനം ആവശ്യ മാകയാൽ ജീവിതചിത്രം പൂർത്തീകരിക്കുന്നതിന് ശ്രമിക്കുകയും ചെയ്യു ന്നു. ആത്മകഥാംശം ഉൾച്ചേർന്ന *നീർമാതളം പൂത്തകാലം*, *എന്റെ കഥ* എന്നീ കൃതികളും *വണ്ടിക്കാളകൾ*, *ചന്ദനമരങ്ങൾ* എന്നീ നോവലുകളും വായിക്കുമ്പോൾ ഇവയിലെ ഓരോ കഥാപാത്രങ്ങളും മൂന്നു നിലകളിൽ അതിജീവനസമസ്യയിൽ ഏർപ്പെടുന്നതായി കാണാം. അവയെ 1. പ്ര കൃത്യാപരം 2. വൈയക്തികം 3. സാമൂഹികം എന്നിങ്ങനെ വിവിധ തല ങ്ങളിൽ വിലയിരുത്താവുന്നതാണ്.

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം അനാദിയാണ്. മാധവി ക്കുട്ടിയുടെ കൃതികൾ മാത്രമല്ല, സാഹിത്യരചനയുടെ ഭൂമികയിലാക മാനം പ്രകൃതി സജീവസാന്നിധ്യമാണ്. മുൻപ്രസ്താവിച്ച കൃതികളി ലെല്ലാം പ്രകൃതിയുമായി സമരസപ്പെടാനുള്ള മനുഷ്യന്റെ യത്നങ്ങളാ ണ് വെളിപ്പെട്ടുവരുന്നത്. യൗവനം നഷ്ടപ്പെടാത്ത മനസ്സിന്റെ ഉടമയായ മാധവിക്കുട്ടിയുടെ നീർമാതളം പൂത്തകാലം എന്ന കൃതിയുടെ മുഖവു രയിൽ "നീർമാതളം പൂക്കുന്നത് കേവലം ഒരാഴ്ചക്കാലത്തിനു വേണ്ടി യാണ്. പുതുമഴയുടെ സുഗന്ധം മണ്ണിൽ നിന്നുയർന്നാൽ നീർമാതളം പൂക്കാറായി എന്നു വിചാരിക്കാം. പൂക്കൾ വന്നുനിറഞ്ഞാൽ ഇലകൾ കൊഴിയുകയും ചെയ്യും." ഈ സാഹിത്യകാരി പ്രകൃതിയോട് എത്ര അടുത്തിടപഴകുന്നുവെന്നതിന്റെ ദൃഷ്ടാന്തമാണ് ഈ വാക്കുകൾ. മാത്ര വുമല്ല ആമിയെന്ന കമലയ്ക്ക് പ്രകൃതി ജീവദായിനിതന്നെയാണ്. നാല പ്പാട്ട് തറവാടും സാന്നിധ്യക്കാവ് എന്നു പേരുള്ള അമ്പലവും, സർപ്പക്കാ വിലെ നാഗത്താൻമാരും, ചാമ്പമരത്തിലെ തിത്തിരിക്കുരുവികളും അ ജീവിച്ചു. ചവിട്ടുപടികൾക്കടിയിൽ ഓറഞ്ച് നിറമുള്ള അരണകൾ വിശ്ര മിച്ചു. കുളിമുറിയിൽ പഴുതാരകൾ. എന്നിട്ടും ഞങ്ങളിൽ ഭയം വളർന്നി ല്ല. നാരകമരത്തിന്റെ കൊമ്പുകളിൽ പച്ചിലപ്പാമ്പുകൾ, എങ്കിലും നാര ങ്ങകൾ നിർഭയം ഞങ്ങൾ പൊട്ടിച്ചെടുത്തു." ഈ ആത്മാനുഭവ വിവര ണത്തിലൂടെ മാധവിക്കുട്ടിയ്ക്ക് പ്രകൃതിയെന്നത് ഭാവന മാത്രമല്ല, ജീ വൻതുടിക്കുന്ന യാഥാർഥ്യം തന്നെയായിരുന്നുവെന്ന് നിരീക്ഷിക്കാം. പ്രകൃതിയിൽ സമാധാനപൂർവ്വം ജീവിക്കുവാൻ പ്രകൃതിയുമായി താദാ ത്മ്യപ്പെടാനാണ് സ്വാനുഭവങ്ങളിലൂടെ നോവൽ രചയിതാവ് ആവശ്യ പ്പെടുന്നത്.

വണ്ടിക്കാളകൾ എന്ന നോവലിലെ മിക്ക കഥാപാത്രങ്ങളും പ്രകൃ തിയുമായി താദാത്മ്യപ്പെട്ട് തരുലതാദികളായി മാറുന്നുണ്ട്. തെന്നിന്ത്യ ക്കാരനായ ഡോക്ടർ സൂര്യനാരായണ എന്ന ഹൃദ്രോഗവിദഗ്ധൻ തന്നെ ത്തന്നെ പ്രകൃതിയായി കാണുന്നു. "ഡോക്ടർ സൂര്യനാരായണയ്ക്ക്

Scanned with CamScanner

താനൊരു വടവൃക്ഷമാണെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. സഹപ്രവർത്തകരും ആശുപത്രിയിലെ ജീവനക്കാരും തന്നിൽ പടർന്നുകയറിയ ലതകൾ അല്ലെങ്കിൽ ഇത്തിക്കണ്ണികൾ. തന്റെ ആശ്രയമില്ലാതെ അവർക്ക് ഐശ്വര്യപൂർണ്ണമായ ഒരു ജീവിതശൈലി ലഭിക്കുകയില്ല. താനില്ലാതാവുമ്പോൾ യുവഡോക്ടർമാർക്ക് പുതിയ മാരുതിക്കാർ വാങ്ങുവാൻ കഴിവില്ലാതാകും." - എന്ന ചിന്തയിലൂടെ സൂര്യനാരായണ പ്രകൃതിയിലേക്ക് തന്റെ അസ്തിത്വവും ആത്മാംശവും ആരോപിക്കുകയാണ് ചെയ്യുന്നത്. സൂര്യനാരായണ മാത്രമല്ല ഈ നോവലിലെ മിക്ക കഥാപാത്രങ്ങളും പ്രകൃതിയിൽ നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ട് ജീവൻ തുലനം ചെയ്തുകൊണ്ടാണ് യാത്രചെയ്യുന്നത്. ആർതർ ലോബോയുടെ ജീവിതം പ്രകൃതി നിറഞ്ഞവ തന്നെയായിരുന്നു. മറ്റാരുടെയും സഹായമില്ലാതെ ഉദ്യാനത്തിലെ ചെടികൾ നനയ്ക്കാൻ ആ വൃദ്ധൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു. ചെടികൾക്ക് ദാഹജലം കൊടുക്കുന്നത് ഒരു സൽക്കർമ്മമാണെന്ന് ലോബോയ്ക്കു തോന്നുന്നു. മനുഷ്യനു മാത്രമല്ല ദാഹം അനുഭവപ്പെടുന്നതെന്നും അദ്ദേഹം ഓർമ്മിക്കുന്നു. ലോബോ പ്രകൃതിയോട് സംസാരിക്കുമ്പോൾ ലിലിയൻ എന്ന പേരക്കുട്ടിക്ക് അതിശയവും ആകാംക്ഷയും ഉളവായി അമ്മയോട് സംശയനിവാരണം തേടുമ്പോൾ ലഭിക്കുന്ന മറുപടിയും കുട്ടിക്കു മനസ്സിലാകുന്നില്ല. പ്രകൃതി എല്ലായ്പോഴും ഓരോരുത്തരോടും ഇടപഴകുന്നത് അവരവരുടെ അഭിരുചിയനുസരിച്ചാണല്ലോ. "ഈദൻതോട്ടത്തിൽനിന്നു ദൈവം മനുഷ്യനെയും അവന്റെ ഇണയെയും ഇറക്കിവിട്ടു. പുതുതായി ജനിച്ച പാപബോധത്തോടെ ഗുഹ്യാവയവങ്ങൾ കൈത്തലംകൊണ്ട് മറച്ച് ആ ദമ്പതികൾ ഇഹലോകത്തു പ്രവേശിച്ചു. തങ്ങളുടെ സ്മരണയിൽ മാറാതെ നിലനിന്ന അതിരമണീയ മലർവാടി വീണ്ടും സൃഷ്ടിച്ചെടുക്കുവാൻ അവർ ശ്രമിച്ചു. വിത്തുകൾ ചെടികളായി. ചെടികൾ മരങ്ങളായി. മരങ്ങൾ പൂത്തു. പിന്നീട് കായ്ച്ചു. മധുരക്കനികൾ രതിക്രീഡയാൽ തളർന്ന ആദാമും ഹവ്വായും ഭക്ഷിച്ചു. മനുഷ്യവംശം വളർന്ന് നാടാകെ പരന്നു. ഭൂമിയിൽ കിളികൾ ചിലച്ചു.വിശപ്പുള്ള വന്യജീവികൾ കാടുകളിൽനിന്ന് അമറി. ആർതർ ഇത്തരം മധുരചിന്തകളോടെ വെയിൽ മൂക്കുന്നതുവരെ തോട്ടത്തിൽ ജോലിയെടുത്തു. പഴുത്ത ഇലകളെ പിഴുതെറിഞ്ഞു. ചെടിത്തലപ്പുകളെ കത്തിരി കൊണ്ട് വെട്ടി നിരത്തി ... എല്ലായ്പോഴും പ്രവർത്തിച്ചുകൊണ്ടേയിരുന്ന വിരലുകൾ അദൃശ്യമാരുതനിൽ മുല്ലവള്ളികൾ കണക്കെ വിറച്ചു. മനുഷ്യൻ വന്നത് ഈദൻതോട്ടത്തിൽ നിന്ന്. മടങ്ങുന്നതും ആ തോട്ടത്തിന്റെ രമണീയതയിലേക്ക്." എന്നിങ്ങനെയുള്ള ആർതർ ലോബോയുടെ വിവരണങ്ങൾ പ്രകൃതിയും മനുഷ്യനും സമരസപ്പെട്ടുള്ള ജീവിതത്തെ വെളിപ്പെടുത്തുന്നതാണ്. സൂര്യനാരായണയുടെ ഭാര്യ കാമേശ്വരി, സൂര്യനാ

Scanned with CamScanner

രായണയ്ക്ക് അനിർവചനീയ ബന്ധമുള്ള മോഹിനി എന്ന ഗൈനക്കോളജിസ്റ്റ്, നോയമ്പുകാലത്ത് സുകൃതജീവിതം നയിച്ച്, ശേഷംകാലങ്ങളിൽ കാമകേളികളിൽ ആനന്ദിക്കുന്ന സാദിക്ക് അലി , അലിയുടെ സഹോദര്യതയായ അനസൂയ എന്ന ഗായിക - എന്നിവരെല്ലാം ചേർന്ന ഈ നോവൽ പ്രകൃതിയോടു സന്ധിച്ചും കലഹിച്ചും അതിജീവിക്കുന്ന മനുഷ്യരുടെ ജീവിതം വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്.

രണ്ടു സ്ത്രീകൾ തമ്മിലുള്ള പ്രണയത്തെ ചിത്രീകരിക്കുന്ന *ചന്ദന മരങ്ങളെന്ന* നോവലും പ്രകൃതിയോടുള്ള മനുഷ്യസമീപനത്തെ വെളിപ്പെടുത്തുന്ന കല്യാണിക്കുട്ടിയും ഷീലയും തമ്മിലുള്ള പ്രണയകഥയിൽ പുഴവക്കിൽ ആദ്യമായി ഇരുവരും കൂടിച്ചേരുമ്പോൾ അവർക്കിടയിൽ പ്രകൃതി നിറസാന്നിധ്യമാണ്. തന്നെയുമല്ല, ഭർത്താവിനെയും കല്യാണിക്കുട്ടിയെയും ഷീല താരതമ്യം ചെയ്യുമ്പോഴും പ്രകൃതിയുടെ ഗന്ധമാണ് അവരെ കൂട്ടിയിണക്കുന്നത്. ഭർത്താവിന്റെ വായിലെ പുകയിലമണവും വായനാറ്റവും ഷീലയെ അസ്വസ്ഥയാക്കുമ്പോൾ ആ ദുർഗന്ധത്തിൽനിന്ന് അവൾ മോചിതയാകുന്നത് കറുകപ്പുല്ലിന്റെ സുഗന്ധമുള്ള കല്യാണിക്കുട്ടിയുടെ വായയെ അനുസ്മരിച്ച് ലഭിക്കുന്ന ആനന്ദം ഒന്നുകൊണ്ട് മാത്രമാണ്. സ്വവർഗ്ഗസ്നേഹവും സ്വവർഗ്ഗരതിയും ശ്ലീലാശ്ലീലങ്ങളില്ലാതെ പ്രകൃതിയുടെ സാന്നിധ്യത്തിലാവിഷ്കരിക്കുന്നു. കല്യാണിക്കുട്ടിയുടെയും ഷീലയുടെയും സ്വതന്ത്രചിന്തകളെയും മാനസികഭാവങ്ങളെയും ചിത്രീകരിക്കുവാൻ ,അവരുടെ വാക്കുകൾക്ക് ശ്രദ്ധ നല്കിയത് പ്രകൃതി തന്നെയായിരുന്നു. ഒരുമിച്ചു കളിച്ചുവളർന്ന ഇരുവരും തമ്മിലുള്ള സ്നേഹം പിന്നീട് കാമത്തിന്റെ നിറം കലർന്നതായി മാറുമ്പോൾ മണ്ണും മരവും സൂര്യചന്ദ്രാദികളും നിശബ്ദരാകുന്നു. പൊതുമനസ്സുകളെ പൊള്ളിക്കുന്ന ഈ പ്രണയത്തെ നിരാകരിക്കുന്നതിന് പലപ്പോഴും ഇരുവരോടും പ്രകൃതി ആവശ്യപ്പെടുന്നെങ്കിലും അവരത് ഉൾക്കൊള്ളുന്നില്ല.

വ്യക്തികൾ വ്യതിരിക്ത അനുഭവങ്ങളുടെ കൂടിച്ചേരലുകളായതിനാൽ അവരുടെ ചിന്തകളും പ്രവൃത്തികളും നിരന്തരം കലരുകയോ കലർത്താതിരിക്കുവാൻ അവർ ശ്രമിക്കുകയോ ചെയ്യുക സ്വാഭാവികമാണ്. സ്ത്രീ എന്നോ പുരുഷനെന്നോ വ്യത്യാസമില്ലാതെ ഓരോരുത്തരും അവരുടെ ഇഷ്ടങ്ങൾ മറ്റുള്ളവർക്ക് അനിഷ്ടങ്ങളായി മാറാതിരിക്കുവാൻ ശ്രദ്ധിക്കാറുണ്ട്. എന്നാൽ തുടർന്നുള്ള ജീവിതം സന്തോഷദായകമാകുന്നതിനായി തനിക്കാവുംവിധം പ്രതിബന്ധങ്ങളെ തരണം ചെയ്യുവാൻ വ്യക്തികൾ ശ്രമിക്കുകയും ആ അവശിഷ്ടവഴക്കം പിന്നീട് കരച്ചിലായോ, പരിഹാസമായോ, നിലവിലുള്ള ജീവിതമൂല്യങ്ങളെ അവഗണിച്ചുള്ള ജീവിതരീതിയായോ ജീവനം തുടരുന്നതിന് വ്യക്തികളെ പ്രേരിപ്പിക്കുന്നു. വണ്ടി

Scanned with CamScanner

ക്കാളികൾ എന്ന നോവലിലെ സൂര്യനാരായണറാവുവിന്റെ ധർമ്മപത്നി യാകുന്ന കാമേശ്വരി എല്ലാ സുഖസൗകര്യങ്ങളിലുമാണെങ്കിലും അസം തൃപ്തമാകുന്ന മനസ്സോടെ ജീവിതം തുടരുന്നു. അവർ തന്റെ ഇഷ്ട ങ്ങളെ പൂർത്തീകരിക്കാനാവാതെ വിലപിച്ചുജീവിക്കുകയാണ് ചെയ്യുന്നത്. "ഉച്ചയൂണിനു ശേഷം വിശ്രമിക്കുമ്പോൾ കാമേശ്വരി തന്റെ മുഖംമൂടികൾ അഴിച്ചുവെച്ചു. അവർ കരഞ്ഞു. മൂക്ക് പിഴിഞ്ഞ് തേങ്ങിക്കരഞ്ഞു. മുരട നായ ഭർത്താവ്, ഇ-മെയിൽ അയച്ച് കടമ നിർവഹിക്കുന്ന പുത്രൻ. ധന ശേഷി തനിക്ക് എന്താണ് പ്രദാനം ചെയ്തത്? ആരുമില്ലെന്ന ഒരു തോന്നൽ മാത്രം. ഭർത്താവ് സംഗീതപ്രിയനാണ്. പക്ഷേ പാട്ടുകച്ചേരി കൾക്ക് തന്നെക്കൊണ്ടുപോയിട്ട് വർഷങ്ങൾ ഏറെ കഴിഞ്ഞു.... വേല ക്കാരികൾ ഈ സംസാരം കേട്ട് ചിരി അടക്കുവാൻ പ്രയത്നിക്കാറുണ്ട്." എന്നീ വാക്കുകളിൽ കാമേശ്വരി തന്റെ ഇംഗിതങ്ങളെ തികച്ചും വൈയ ക്തികമാക്കി ജീവിതത്തെ ജീവിതവ്യമാക്കാൻ കരഞ്ഞുപൊരുതുന്നതായി മനസ്സിലാക്കാം. എന്നിരുന്നാലും കുബേരപത്നിയായ യജമാനത്തിക്ക് മറ്റൊരു ദുശ്ശീലവും ഉണ്ടാവാത്തതിൽ അവർക്ക് മതിപ്പു തോന്നി. ലഹരി പദാർഥങ്ങളുപയോഗിക്കുകയോ വേലക്കാരികളെ തെറിപറയുകയോ ഒന്നും കാമേശ്വരി ചെയ്തില്ല. പക്ഷേ, ദീപാവലിക്ക് അവർ പ്രത്യേക ബക്ഷീഷ് വിതരണം ചെയ്തു." ഈ അനുഭവങ്ങൾ കാമേശ്വരിയെ ഉത്ത മസ്ത്രീ എന്ന വിശേഷണത്തിന് അർഹയാക്കി. എന്നിരുന്നാലും സന്തു ലിതമായ സ്വതന്ത്രജീവിതത്തിന് ഇവയൊന്നും കാമേശ്വരിയെ സംതൃ പ്തയാക്കുവാൻ കഴിഞ്ഞില്ല. എന്നാൽ അനസൂയബായി എന്ന ഗായി കയും സാദിക്ക് അലിയും ജീവിതത്തെ സന്തുലിതമാക്കുന്നത് മുന്തിരി ച്ചാറുപോലെ ആവോളം ആസ്വദിച്ചാണ്. അവരുടെ മുന്നിൽ കുറ്റപ്പെടു ത്തലുകളോ നന്മതിന്മകളുടെ ഭാരമോ ഇല്ല. മംഗൾസൂത്ര പോലുള്ള വഴക്കങ്ങളും അനസൂയ-സാദിക്ക് അലി ബന്ധങ്ങളെ ഉലയ്ക്കുന്നില്ല. പ്രത്യയശാസ്ത്രങ്ങളോ മൂല്യങ്ങളോ അവരെ നിയന്ത്രിക്കുന്നില്ല. ഇഷ്ട മുള്ളവരുടെ ഇഷ്ടങ്ങളെ തൃപ്തിപ്പെടുത്തി അതിജീവനം തുടരുന്നതി ലാണ് ഇരുവരും ശ്രമിക്കുന്നത്. സംഗീതം പ്രാണനായി കരുതിയ അന സൂയ സാദിക്ക് അലിയോടുള്ള പ്രണയത്തിൽ നിമഗ്നയായി സംഗീതം പോലും ഉപേക്ഷിക്കുന്നു. എന്നാൽ ലോബോയ്ക്ക് വ്യക്തിബന്ധങ്ങളേ ക്കാളും പ്രധാനമായി കരുതുന്നത് ദൈവവുമായുള്ള ദൃഢബന്ധത്തിനാ ണ്. ആർതറിനെ ഇടയ്ക്കിടയ്ക്ക് അലട്ടാറുള്ള കിതപ്പിനും ചുമടയ്ക്കും മരുന്നു നല്കാനായി നാളെ ഓ. പി.യിലേക്ക് വരാൻ പറഞ്ഞ സൂര്യ നാരാ,ണയോട് "കർത്താവ് സമ്മാനിക്കുന്ന ആരോഗ്യവും അനാ രോഗ്യവും എനിക്കു സ്വീകാര്യമാണ് പ്രാർഥനയല്ലാത്ത ചികിത്സകൾക്ക് ഞാൻ സാധാരണയായി പോവാറുമില്ല" എന്നുപറയാൻ ആർതറിന് രണ്ടാ

Scanned with CamScanner

മതൊന്ന് ആലോചിക്കേണ്ടി വന്നില്ല. ഇങ്ങനെ വ്യക്തികൾ തമ്മിലെ ഇട പെടലുകളിൽ വ്യക്തികൾ തങ്ങളുടെ ഭാഗമായിമാത്രം നിലകൊള്ളു കയോ ഈശ്വരചിന്തയിലേക്കു വഴിതിരിയുകയോ ആണ് ചെയ്യുന്നത്.

ചന്ദനമരങ്ങളിലെ കല്യാണിക്കുട്ടിയും ഷീലയും ഇഷ്ടങ്ങളെ പ്രധാ നമായി കാണുന്നതിനാൽ ഇരുവർക്കും തങ്ങളുടെ ഭർത്താക്കന്മാരുമായി പൊരുത്തപ്പെടാൻ കഴിയാതെ വരുന്നു. കല്യാണിക്കുട്ടിയും ഷീലയും തമ്മിൽ പ്രണയത്തിലാകുമ്പോൾ പുരുഷാധിപത്യത്തോടു വെല്ലുവിളി ക്കാൻ കഴിയുന്നില്ല. എന്നാൽ തങ്ങളുടെ അനിഷ്ടം പ്രകടിപ്പിക്കുവാൻ ഇരുവരും തിരഞ്ഞെടുത്തത് വ്യത്യസ്ത വഴികളാണ്.കല്യാണിക്കുട്ടിയാ കട്ടെ ഭർത്താവിനോടുള്ള കലുഷതയെ പ്രകടിപ്പിക്കുന്നത് പുരുഷന്മാ രോട് കൂടുതൽ സൗഹൃദത്തിലാകുവാനും ഉറക്കെച്ചിരിക്കുവാനും ആ പൊട്ടിച്ചിരിയിൽ ആനന്ദം ആസ്വദിച്ചുകൊണ്ടുമാണ്. എന്നാൽ ഷീല ഭർത്താവിനോടു മൗനം പാലിച്ച് അമർഷം ഉള്ളിലൊളിപ്പിക്കുന്നു. അ നാദികാലം മുതൽ മനുഷ്യർ തുടരുന്ന സ്ത്രൈണ അതിജീവനമാർഗ്ഗ ങ്ങളിലൊന്നാണ് ഇത്തരം പ്രകടനങ്ങൾ.

അനുഭവങ്ങളുണ്ടാകുന്നത് വ്യക്തികളുടെ കൂടിച്ചേരലിൽനിന്നായതി നാൽ സമൂഹമില്ലാതെ വ്യക്തികൾക്ക് ജീവിക്കുവാൻ സാധ്യമല്ല. എന്നാൽ അനുഭവങ്ങൾ ആകസ്മികമായാണല്ലോ പ്രത്യക്ഷപ്പെടുന്നത്. സമൂഹത്തിന്റെ കണ്ണാടിയിൽ മുഖത്തിന് പൊള്ളലേൽക്കാതിരിക്കുവാൻ ഏവരും ശ്രമിക്കുന്നു. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടാനുമുള്ള മനു ഷ്യന്റെ ആഗ്രഹങ്ങൾ സമൂഹത്തിലൂടെയാണ് വെളിപ്പെടുകയും നിറ വേറ്റപ്പെടുകയും ചെയ്യുന്നത്. തങ്ങൾക്കിണങ്ങുന്ന വേഷമിടാതെ ജീവി ക്കുന്നവുടെ ശിഷ്ടകാലം പിൻതലമുറയ്ക്ക് പരിഹാസവിഷയമേ ആകൂ. ആവേഗങ്ങളുടെ പിന്നാലെ പായുന്ന മനുഷ്യർ ആഗ്രഹങ്ങളും യാഥാർഥ്യ ങ്ങളും തമ്മിൽ പൊരുത്തമില്ലാതെ കലഹിക്കുകയും സമൂഹത്തിൽ നിന്നു പുറത്താകാതിരിക്കുവാൻ നൂതനജീവിതരീതികൾ ആവിഷ്കരി ക്കുകയും ചെയ്യും. സമൂഹത്തിലെ പൊതുനീതിയെ വ്യക്തികൾ നിരാ കരിക്കുന്നതിനുള്ള ഒരു പ്രധാനകാരണം താനാഗ്രഹിക്കുന്ന ജീവിതം നഷ്ടമാവുകയും പ്രലോഭിപ്പിക്കുന്ന വർണ്ണസുന്ദരമായ ലോകം മോഹി പ്പിക്കുകയും ചെയ്യുനതുകൊണ്ടാണ്. വണ്ടിക്കാളകളിലെ സാദിക്ക് അലിക്ക് അനസൂയ എന്ന ഗായികയോട് തോന്നിയ അഭിനിവേശം ആ സ്ത്രീയുടെ ജീവിതത്തെ പാടെ മാറ്റുന്നു. ഇരുവരും പ്രായത്തേയോ അംഗീകാരത്തേയോ സാമൂഹിക ചുറ്റുപാടുകളേയോ വകവയ്ക്കുന്നില്ല. "ഒരു സ്ത്രീയെ പ്രേമചിന്തകൾ മറ്റുള്ളവരോടു പങ്കിടുവാൻ സമൂഹം അനുവദിക്കുകയില്ലല്ലോ. അടച്ചമുറിയിൽ ഒരു സ്ത്രീയും അവളുടെ ഇണയും നടത്തുന്ന ക്രീഡകൾ അവർക്ക് ഒരിക്കലും അശ്ലീലമായി

Scanned with CamScanner

തൊന്നുകയില്ല. വാതിലിന്റെ പഴുതിലൂടെ വീക്ഷിക്കുന്നവർക്ക് ആ രതി ആഭാസവും അശ്ലീലവുമായി മാറുന്നു." എന്ന അനസൂയയുടെ ചിന്തയിലൂടെ സർവചരാചരങ്ങൾക്കും അവനവന്റേതായ ഒരു നിയതിയുണ്ടെന്നും സ്വയം ഓർമ്മിക്കുന്നു. സാദിക്ക് അലിയുടെ പ്രണയം ക്ഷണികമാണ്, അനസൂയയുടേത് അനന്തവും. "എന്റെ പ്രണയവായ്പിനെ തടുക്കുവാൻ നീ നിന്റെ മതത്തെ ഒരു പരിചയായി ഉപയോഗിക്കുന്നു" എന്ന അനസൂയയുടെ പരിഭവത്തെ "നിന്റെ ഭാവന കടൽ കയറുന്നു, നീ പണ്ടത്തെപ്പോലെ എനിക്കു പാടിത്തരിക. നിന്റെ പാട്ടു കേട്ട കാലം മറന്നു" എന്ന നിസ്സാരവാക്കുകൾകൊണ്ട് സാദിക്ക് തടയിടാൻ കാരണം സമൂഹത്തിന്റെ മുമ്പിൽ തന്റെ മുഖം ചുളുക്കമില്ലാതാകുന്നതിനുവേണ്ടി മാത്രമാണ്. മോഹിനിയും സൂര്യനാരായണയും തമ്മിലുള്ള സ്നേഹവും കപടമല്ലാത്തതാക്കുവാനാണ് സൂര്യനാരായണ ശ്രമിക്കുന്നത്. എന്നാൽ പലപ്പോഴും അത് പരാജയപ്പെടുന്നുമുണ്ട്. മോഹിനിയെ ചികിത്സയുടെ അവസാനഘട്ടത്തിൽ മരുന്നും മന്ത്രവും പരിശീലിപ്പിക്കുന്ന സിദ്ധന്റെ വീട്ടിലേക്ക് കൊണ്ടുപോകുമ്പോൾ സൂര്യനാരായണ അസ്വസ്ഥനാകുന്നു. 'മോഹിനിയെ സുഖപ്പെടുത്തൽ നമ്മുടെ കടമയാണെ'ന്ന് ഡോക്ടർ കൃഷ്ണസ്വാമിയോട് സൂര്യനാരായണ പറയുന്നത് മോഹിനിയെ തനിക്ക് കാണുവാനെങ്കിലും ലഭിക്കുമല്ലോ എന്നു കരുതിയാണ്. എന്നാൽ "ഞാനെന്തു ചെയ്യും? ഡോക്ടർ മോഹിനിയെ സിദ്ധന്റെ അടുക്കലേക്ക് കൊണ്ടുപോകുന്നത് ഭർത്താവായ മിസ്ററർ റെഡ്ഡിയാണല്ലോ .ഭർത്താവിന്റെ അവകാശം ആർക്ക് നിഷേധിക്കാനാവും" എന്ന ഡോക്ടർ കൃഷ്ണസ്വാമിയുടെ വാക്കുകൾ കേട്ട സൂര്യനാരായണ "അന്ധവിശ്വാസികൾ ! അവർ മോഹിനിയെ ഇല്ലാതാക്കുവാനാണ് തയ്യാറെടുക്കുന്നതെന്ന്" പ്രതികരിക്കുമ്പോൾ തന്റെ ജീവിതം നിരർഥകമാകുന്നതിലെ അമർഷവും പ്രണയനഷ്ടവുമാണ് വാക്കുകളിലൂടെ വെളിപ്പെട്ടുവരുന്നത്. സൂര്യനാരായണയുടെ ജീവിതത്തിൽനിന്നുമുള്ള മോഹിനിയുടെ അഭാവം അദ്ദേഹത്തിന്റെ പ്രജ്ഞാനഷ്ടമായി മാറുന്നു. ബാറിൽനിന്നും സൂര്യനാരായണയെ താങ്ങിയെഴുന്നേല്പിക്കുന്ന ആർതർ "എഴുന്നേറ്റു വീട്ടിൽ പോവുക" എന്ന് പറയുമ്പോൾ "വീടോ? ഏതാണ് എന്റെ വീട് " എന്ന മറുചോദ്യമാണ് സൂര്യനാരായണയിൽ നിന്നു വരുന്നത്. 'തന്റെ പേരും മേൽവിലാസവും മറന്നുകഴിഞ്ഞ ആ വ്യക്തിയെ സൗകര്യാർഥം നാം അതിഥി' എന്ന് വിളിക്കാമെന്ന് ലേഖിക കൂട്ടിച്ചേർക്കുമ്പോൾ ഇഹലോകസംസർഗ്ഗം ഇല്ലാത്ത വ്യക്തികളെ സമൂഹം അതിഥിയായി കാണുമെന്ന സൂചനയും നോവലിസ്റ്റ് നല്കുന്നു.

സമൂഹവുമായി സമരസപ്പെടുവാൻ കഴിയാത്തവർ ഈശ്വരപാദം പുൽകി നിർവൃതിയടയുവാനും ശ്രമിക്കുന്നു. അനസൂയ എന്ന ഗായിക

Scanned with CamScanner

സന്യാസിനിയിയായി മാറുവാൻ പ്രകടിപ്പിക്കുന്ന ആഗ്രഹം സാദിക്ക് അലിയില്ലാത്ത തന്റെ ജീവിതം അർഥമില്ലാത്ത ഭൃത്യയോടൊന്നിച്ച് കേദാർനാഥിലെത്തി സ്വരൂപാനന്ദസ്വാമിയുടെ വാസസ്ഥലം തിരയുമ്പോൾ പ്രതീക്ഷളും വീണ്ടും ജീവിക്കുന്നതിനുള്ള ഇച്ഛകളുമാണ് അനസൂയയെ അവിടേക്ക് നയിക്കുന്നതെന്നു മനസ്സിലാക്കാനാവും. "ഒരുകാല് ജീവിക്കുന്നവരുടെ ലോകത്തും മറ്റേക്കാല് മരിച്ചവരുടെ ലോകത്തും ചവിട്ടുക എന്നതാണ് ഒരു മനുഷ്യജീവിക്ക് സ്വീകരിക്കുവാൻ കഴിയുന്ന ഏറ്റവും വലിയ പൂർണ്ണനില അപ്പോൾ വ്യക്തിക്കു സമനില കിട്ടുന്നു." എന്ന അതിജീവനമാർഗ്ഗം *എന്റെ കഥ*യിലൂടെ മാധവിക്കുട്ടി വെളിപ്പെടുത്തുന്നുണ്ട്. ഈ അധികകാലം ജീവിച്ചിരിക്കൽതന്ത്രമാണ് തന്റെ കൃതികളിലൂടെ ആവിഷ്കരിച്ചതും അവരുടെ കഥാപാത്രങ്ങളെയും സാഹിത്യത്തെയും കൂടുതൽ ഉൾക്കാഴ്ചയോടെ അഗാധമാക്കിയതും. സ്ഥലകാലങ്ങളിൽ ഊന്നിനിന്നുകൊണ്ട് മാധവിക്കുട്ടിയുടെ ഓരോ കഥാപാത്രങ്ങളും നടത്തുന്ന ഏതൊരാഖ്യാനവും സമകാലികജീവിതപശ്ചാത്തലത്തിൽ മനുഷ്യർ നടത്തുന്ന ജീവനസമരമായി വ്യാഖ്യാനിക്കാം. സാഹിത്യം മനുഷ്യസംസ്കാരത്തിന്റെ വെളിപ്പെടുത്തൽ ആയതിനാൽ മനുഷ്യരുടെ ഇച്ഛകളും മോഹങ്ങളും മോഹഭംഗങ്ങളും മനുഷ്യരിലേല്പിക്കുന്ന അടയാളങ്ങൾ അതിജീവനത്തെ മുൻനിർത്തി ആ ജീവനസമരത്തെ ഉൾക്കൊളളുന്നുണ്ട് എന്ന് ഈ കൃതികളിൽനിന്ന് വിലയിരുത്താനാവും.

Scanned with CamScanner

മലയാളനോവലിലെ ഭാവുകത്വനിർമ്മിതികൾ

സ്വത്വം, രാഷ്ട്രീയം, സമൂഹം



എഡിറ്റർ

ഡോ. ടി. ജിതേഷ്

ബഹുസ്വരതയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. സാമൂഹികപരിണാമങ്ങളെ കൃത്യമായി അടയാളപ്പെടുത്താനാവുന്ന സാഹിത്യത്തിന് ഈ സാഹചര്യത്തിൽ ഇടപെടാനാകുന്നതെങ്ങനെയെന്നും അത്തരം ഇടപെടലുകളുടെ ചരിത്രമെന്തെന്നും പരിശോധിക്കേണ്ടത് സാഹിത്യവിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം അനിവാര്യമാണ്. രാഷ്ട്രീയമാനങ്ങളിൽ വന്ന മാറ്റങ്ങളും മതാധിഷ്ഠിതമായ വിവേചനങ്ങളും സ്വത്വത്തെക്കുറിച്ചുള്ള ഉത്കണ്ഠകളും അതിസാങ്കേതികവിദ്യയിലെ കുതിച്ചുചാട്ടവും ആഖ്യാനത്തിലെ ഏകകങ്ങളിൽ രാസത്വരകങ്ങളെപ്പോലെ ഇടപെട്ടുകൊണ്ടിരിക്കുന്നു. ഈ ഘട്ടത്തിൽ മലയാളനോവലിലെ യഥാതഥ-ആധുനിക-ഉത്തരാധുനികഘട്ടങ്ങളെ വിമർശനാത്മകമായി പരിശോധിക്കുകയാണ് ഈ പുസ്തകത്തിൽ. നോവലിന്റെ ഭാവുകത്വസ്വരൂപം എന്ന പൊതുചർച്ചയിൽ നിന്നുകൊണ്ട് സ്വത്വം, രാഷ്ട്രീയം, സമൂഹം എന്നീ ഘടകങ്ങളെയാണ് പ്രധാനമായും പരിശോധിക്കുന്നത്. ഓരോ പരിണാമദശകളിലും മുഖ്യചാലകശക്തികളായിത്തീർന്ന എഴുത്തുകാരുടെ അടിസ്ഥാനത്തിലുള്ള വിലയിരുത്തലാണിത്. എഴുത്തുകാരും ദർശനങ്ങളുമെല്ലാം വിമർശനവിധേയമാക്കപ്പെടുന്ന തികച്ചും പുതുമയുള്ള പ്രബന്ധങ്ങളാണ് നോവലിന്റെ ഭാവുകത്വസ്വരൂപം എന്ന പൊതുചർച്ചാമേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

TURN BOOKS
Since MMXI

ISBN 978-81-933931-6-1

Criticism

turnbooks4u@gmail.com

MRP ₹ 250.00 / $ 6.00

Scanned with CamScanner

സിനിമ: സങ്കല്പനവും വ്യവഹാരവും



ഡോ. അനില തോമസ്

എഡിറ്റർ

Scanned with CamScanner

ഉള്ളടക്കം

ഐഡൻസ്റ്റീന്റെ ചലച്ചിത്രസങ്കല്പം 9
സാൽവിൻ കെ. തോമസ്

മിത്തിന്റെ പുനരാവിഷ്കാരം എം.ടിയുടെ തിരക്കഥയിൽ - പെരുന്തച്ചൻ - ഒരു പഠനം 11
ഡോ. കെ. മിനി

കാളിദാസശാകുന്തളവും ശകുന്തളസിനിമയും ഒരു താരതമ്യം 18
ഡോ. സുവർണ്ണനി ദേവി ഇ.

സമകാലമലയാളസിനിമയിലെ സ്ത്രീ ആവിഷ്കാരം 23
('മായാനദി', 'രാമന്റെ ഏദൻ തോട്ടം' എന്നീ ചിത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനം)
അഭിന മേരി സാജു

റിയലിസവും മലയാളസിനിമയും 29
ഡോ. പ്രിൻസ് മോൻ ജോസ്

മിത്തിന്റെ സാമൂഹികതലം എം.ടിയുടെ തിരക്കഥകളിൽ 33
ഷഫീർ റ്റി. കെ

ബാലജീവിത ചിത്രീകരണം ആദ്യകാല മലയാളസിനിമയിൽ
- വിഗതകുമാരനെ മുൻനിർത്തി ഒരന്വേഷണം 38
ഡോ. അശ്വതി എ. വി.

ന്യൂ ജനറേഷൻ മലയാള സിനിമ 43
ചലച്ചിത്ര നിരൂപണങ്ങളെ ആസ്പദമാക്കിയുള്ള പഠനം
അമൽ വി. തങ്കച്ചൻ

പെരുവഴിയമ്പലം - ഒരു പുനർവായന 55
ഡോ. സിസ്റ്റർ മാർഗരറ്റ് മരിയാ ജോസ്

ജീവചരിത്രചലച്ചിത്രങ്ങളും അനുകല്പന സങ്കേതങ്ങളും
'ആമി'യെ മുൻനിർത്തിയുള്ള പഠനം 60
മെൽബി ജേക്കബ്

മൊഴിവഴക്കങ്ങളുടെ ചലച്ചിത്രഭാഷണം ചലച്ചിത്രസംഭാഷണങ്ങളിലെ
ഭാഷാഭേദങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനം 65
രതീഷ് റ്റി. എ.

ഉദാഹരണം സുജാത - ഉദാഹരണമല്ലാതാകുമ്പോൾ (ചലച്ചിത്ര നിരൂപണം) 75
കെ. ആർ. ബിന്ദുജി

പുരാവൃത്തത്തിന്റെ പുനരാവിഷ്കാരം എം.ടിയുടെ ഒരു വടക്കൻ വീരഗാഥയിൽ 81
ആരതി എ. മാരാർ

Scanned with CamScanner

'കാലം' പെരുവഴിയമ്പലത്തിൽ - ദാർശനികവും വ്യാകരണപരവുമായ സമീപനം 87
മേരി സിൻസി ജോസഫ്

പ്രാദേശികാവിഷ്ക്കാരം മലയാളസിനിമയിൽ
(കമ്മട്ടിപ്പാടം, അങ്കമാലി ഡയറീസ്, പറവ എന്നീ സിനിമകളെ അടിസ്ഥാനമാക്കിയുള്ള പഠനം) 93
തെരേസ് സെബാസ്റ്റ്യൻ

നാരായണ ഗുരു: ജീവചരിത്രത്തിലും സിനിമയിലും 98
രാജേഷ് കെ. കെ.

ന്യൂജനറേഷൻ സിനിമകളിലെ കാർണിവൽ സംസ്കാരം 106
സൗമ്യ പോൾ

അവബോധ നവീകരണവും മേരിക്കുട്ടിയും 115
ജസ്വിൻ സിറിയക്

ഗോത്രവർഗ സംസ്കാരത്തിന്റെ ആവിഷ്കാരം
'നെല്ല്' എന്ന നോവലിലും സിനിമയിലും 120
ഡോ. അനില തോമസ്

രാമസങ്കൽപ്പം: ബിംബവത്കരണത്തിന്റെ
സാംസ്കാരിക - പ്രത്യയശാസ്ത്ര വിവക്ഷകൾ 'ടിയാനിൽ' 128
എബിൻ എം. ടി.

അദ്രപാളിയിലെ 'വാർത്താശരീര' വ്യവഹാരങ്ങൾ 136
അനു പി. എസ്.

മലയാള സിനിമയിലെ പോലീസ് കഥാപാത്രങ്ങൾ പ്രതിനിധാനത്തിന്റെ രാഷ്ട്രീയം 144
രാഗി ശേഖരൻ കെ.

മലയാള ചലച്ചിത്രഗാനങ്ങളുടെ സാംസ്കാരിക രാഷ്ട്രീയം 151
മാനസ അശോക് എം.

താരപൗരുഷത്തിന്റെ തിരശീല/ങ്ങൾ 163
ജോബി തോമസ്

മലയാള സിനിമയിലെ മാറുന്ന സ്ത്രീസങ്കൽപ്പം 169
പൊന്നി ദേവസ്യ

ഭാഷയും കാഴ്ചയും - ന്യൂജനറേഷൻ സിനിമകളിൽ 174
ഷിന്റു പോൾ

കാർഷിക സംസ്കാരം തകഴിയുടെ നോവലുകളിൽ 177
രൂപകല പ്രസാദ്

'നിക്കാഹ്', 'തലാഖ്' - ആവിഷ്ക്കാരം മലയാള ചലച്ചിത്രങ്ങളിൽ 183
രമ്യ എം.

Scanned with CamScanner

ന്യൂജനറേഷൻ സിനിമകളിലെ കാർണിവൽ സംസ്കാരം

സൗമ്യ പോൾ

അസി.പ്രൊഫസർ, മലയാള വിഭാഗം, ഹെൻറിബേക്കർ കോളേജ്, മേലുകാവ്.

ന്യൂജനറേഷൻ എന്ന പദം മലയാളിക്ക് സുപരിചിതമാണ്.കാഴ്ചപ്പാട്,വസ്ത്രം,എഴുത്ത്,ഭക്ഷണം എന്നിങ്ങനെ എല്ലാമേഖലയോടും ചേർന്ന് ഈ പദം നാം നിത്യേന പ്രയോഗിക്കാറുമുണ്ട്.ന്യൂജനറേഷന്റെ സ്വാധീനം ജീവിതത്തിലുടനീളം സ്വാധീനം ചെലുത്തുമ്പോൾ സാഹിത്യത്തിലും സിനിമകളിലും പരിഗണിക്കത്തക്കതായ ചില വ്യതിയാനങ്ങളുണ്ടായി.ജീവിതഗന്ധിയായ സാഹിത്യവും കലകളും സമൂഹത്തിലെ ഏതൊരു മാറ്റത്തേയും സ്വാംശീകരിക്കുന്നതുപോലെ പുതിയകാലഘട്ടത്തിലെ മാറ്റങ്ങളെ മലയാളസിനിമയും ഉൾക്കൊണ്ടു എന്നതിന്റെ സാക്ഷ്യപത്രങ്ങളാണ് പുതിയകാലത്തെ ന്യൂജനറേഷൻ സിനിമകൾ. "സൗന്ദര്യവും ആനന്ദവും വിറ്റുകഴിയുന്ന ഒരു വ്യവസായമാണ് ചലച്ചിത്രം.ഇതിൽ വില്പനയുടെ അംശത്തിനു മാത്രമല്ല പ്രാധാന്യം.ഇന്നലെ കടലാസിൽ പൊതിഞ്ഞുവിറ്റത് ഇന്നു സെല്ലുലോയ്ഡിൽ പൊതിഞ്ഞുവില്ക്കുന്നുവെന്ന വ്യത്യാസമുള്ളൂ"[1] വെന്ന സി.ജെ.തോമസിന്റെ നിരീക്ഷണം സാഹിത്യവും സിനിമയും തമ്മിലുള്ള ബന്ധമായും സമൂഹത്തിലുണ്ടാകുന്ന ചെറുതോ വലുതോ ആയ ഏതൊരു ചലനങ്ങളും സാഹിത്യരൂപങ്ങളിലെ പരിണാമങ്ങളും സിനിമയിലും പ്രതിഫലിക്കുമെന്നുമുള്ള വിലയിരുത്തലായും ഇക്കാലത്തെ സിനിമാലോകത്തെക്കുറിച്ചുള്ള പ്രവചനമായും വേണം മനസ്സിലാക്കുവാൻ.

സിനിമകളുടെ അകവും പുറവും

നാളിതുവരെയുണ്ടായ സിനിമകളുടെ ചരിത്രം പരിശോധിക്കുമ്പോൾ അവയെല്ലാം നാം ജീവിക്കുന്ന കാലത്തിന്റെ ആധികാരികമായ സ്മൃതിരേഖകളാണെന്ന് വ്യക്തം.കലയും വിനോദവും ഒരുപോലെ ഉൾച്ചേർന്ന ഈ സാംസ്കാരികരൂപം കാലത്തിനനുയസരിച്ച് പരിവർത്തനവിധേയമാകുന്നുമുണ്ട്.മാധ്യമങ്ങൾ അനുദിനം പെരുകുന്നുണ്ടെങ്കിലും ജനസാമാന്യത്തിൻമേലുള്ള സിനിമയുടെ സ്വാധീനവും പ്രാധാന്യവും കാലഘട്ടത്തോടൊപ്പം വർധിക്കുകയാണ് ചെയ്യുന്നത്.എന്തെന്നാൽ സിനിമ ഒരേ സമയം ഒന്നിലധികം വ്യവഹാരരൂപങ്ങൾ (ഗാനം,നൃത്തം, പശ്ചാത്തലം തുടങ്ങിയവ)സിനിമയുടെ ആഖ്യാനഘടനയെ നിയന്ത്രിക്കുകയും സമ്പന്നമാക്കുകയും ചെയ്യുന്നതിനാലാണ്. സാങ്കേതികവിദ്യയിലൂടെയും ജനപ്രീതിയിലൂടെയും കരുത്താർജ്ജിച്ച സിനിമ എന്നമാധ്യമം കല,വിനോദം എന്നതിനുപരി കച്ചവടവസ്തു എന്നനിലയിലേക്കു വള

Scanned with CamScanner

രുകയും മറ്റേതൊരു കലാരൂപങ്ങളേക്കാൾ കഥപറയാനുള്ള ശേഷിയുള്ളതിനാൽ അവ കൂടുതൽ ജനപ്രിയമാവുകയും ചെയ്തു.

സിനിമകൾ വരുന്നതിനു മുമ്പുതന്നെ ഉത്സവങ്ങളും മധ്യകാലത്തുണ്ടായ കാർണിവലുകളും സമൂഹത്തിലുണ്ടായിരുന്നു. ഉള്ളിൽ അടിച്ചമർത്തിയിരുന്ന വികാരങ്ങളെ കെട്ടഴിച്ചുവിടാനും അധ്വാനത്തിന്റെ യാതനകളെ അബോധതലങ്ങളിൽ ഉപേക്ഷിക്കുവാനും വർഗ്ഗവൈരുദ്ധ്യങ്ങളെ മൂടിവയ്ക്കുവാനുമുള്ള ഉപാധികളായിരുന്നു അവ. ഇവയുടെ പ്രതിഫലനം സിനിമയിൽ കടന്നുവന്നതായും കരുതാവുന്നതാണ്.അധ്വാനക്ലേശത്തിൽ നിന്നുള്ള അല്പം ആശ്വാസമായോ, വികാര വിചാരങ്ങളെ യഥേഷ്ടം തുറന്നുവിടാനുള്ള മാർഗ്ഗമായോ ആണ് വ്യക്തികൾ സിനിമയെ കരുതുന്നത്.ഉത്സവാഘോഷങ്ങളിൽ നിന്നും ലഭിക്കുന്ന ആനന്ദം, ഇതരകലകൾ ആസ്വദിക്കുമ്പോൾ ഉണ്ടാകുന്ന സംതൃപ്തി ഇവയെല്ലാം സിനിമകൾ ഒരേസമയം ആസ്വാദകർക്ക് നല്കുന്നുണ്ട്. അതോടൊപ്പം ഒരു പൊതു സമൂഹത്തിന്റെ ജീവിതസമഗ്രതയെ പ്രതിഫലിപ്പിക്കുന്ന കലാരൂപമായതിനാൽ പൊതുസംസ്കാരത്തിന്റെ അനുരണനം ഓരോ കാലഘട്ടത്തിലെയും സിനിമകളിൽ ദർശിക്കാനാകുമെന്നത് സ്വാഭാവികം മാത്രമായതിനാലാണ് .ന്യൂജനറേഷൻ സംസ്കാരം ഇത്രത്തോളം ജനകീയമായത്.

ന്യൂജനറേഷൻ സിനിമകളുടെ രംഗപ്രവേശം

ആയിരത്തിത്തൊള്ളായിരത്തി എൺപത്-തൊണ്ണൂറുകളോടെ മലയാളസിനിമയിൽ രൂപപരമായും ഭാവപരമായും വളരെയേറെ മാറ്റങ്ങൾ കടന്നുവന്നെങ്കിലും രണ്ടായിരത്തിപ്പത്തോടുകൂടിയാണ് ന്യൂജനറേഷൻ സിനിമകൾ മലയാളത്തിൽ വരുന്നത്.സിനിമകളിൽ "പോപ്പുലറായ എല്ലാകലാസൃഷ്ടിയുംവിശേഷിച്ച് സിനിമയുടെ ഒരു വിനിമയപ്രവർത്തനം മൂല്യങ്ങളുടെ പുനരുല്പാദനവുംപവിത്രീകരണവുമാണ്.നിലവിലുള്ള മൂല്യങ്ങളെയും ആചാരവിശ്വാസങ്ങളെയും ആവർത്തിച്ചുവ്യാഖ്യാനിക്കുവാനും അവയുടെ അപ്രമാദിത്വത്തെ വീണ്ടും വീണ്ടും സ്ഥാപിക്കാനുമല്ലാതെ ഏതെങ്കിലും അംഗീകൃതസാമൂഹ്യമര്യാദകളെ അതിലംഘിക്കുവാൻ സിനിമ ധൈര്യപ്പെടുന്നില്ലെന്ന് നമ്മുടെ നാട്ടിൽ തുടരെതുടരെനിർമ്മിക്കപ്പെടുന്ന ഏതു സിനിമയെടുത്തുനോക്കിയാലും മനസ്സിലാകും"[2] എന്നിങ്ങനെയുള്ള നിരൂപണമതത്തെ കാറ്റിൽപ്പറത്തിയാണ് ന്യൂജനറേഷൻ സിനിമകളുടെ രംഗപ്രവേശം.ന്യൂജനറേഷൻസിനിമകൾക്കുമുമ്പേ ധാരാളം പരീക്ഷണ നിരീക്ഷണങ്ങൾ മലയാളസിനിമയിലുണ്ടായിട്ടുണ്ടെങ്കിലും അവ പ്രത്യക്ഷത്തിൽ ജനമനസ്സുകളിലും സഹൃദയരിലും ചർച്ചചെയ്യപ്പെട്ടത് രണ്ടായിരത്തിപ്പത്തിൽ ലിസ്റ്റിൻ സ്റ്റീഫൻ സംവിധാനംചെയ്ത് പുറത്തിറങ്ങിയ 'ട്രാഫിക്' , സദാനന്ദൻ രംഗോരാത്ത് സംവിധാനംചെയ്ത 'സോൾട്ട് ആന്റ് പെപ്പർ', 'ഉസ്താദ്ഹോട്ടൽ','കോക്ക്ടെയ്ൽ'' 'ബ്യൂട്ടിഫുൾ''ട്രിവാൻട്രം ലോഡ്ജ്''22 ഫീമെയിൽകോട്ടയം' എന്നീസിനിമകളിലൂടെയാണ് ന്യൂജനറേഷൻ സിനിമകൾ മലയാളി പരിചയിച്ചത്.മലയാളസിനിമയിലെ'മുല്ലപ്പൂവിപ്ലവ' (Jasmine Revolution)മെന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള അതിശയകരമായ ഈ മാറ്റം ബോളിവുഡ് സിനിമകളെപ്പോലും പിന്നിലാക്കിയെന്നു മാത്രമല്ല, പാരമ്പര്യമായി മലയാളസിനിമ പിന്തുടർന്നുവന്ന ശൈലികളെയും പ്രത്യയശാസ്ത്രങ്ങളെയുമാണ് അതിലംഘിച്ചത്.

സംസ്കാരം- നിർവചനത്തിലെ പ്രതിസന്ധി

സംസ്കാരം എന്നാൽ ജീവിതരീതി,ഭാഷാപ്രയോഗം,ആചാരങ്ങൾ,വിശ്വാസങ്ങൾ,ഭക്ഷണക്രമം,വസ്ത്രധാരണം എന്നിങ്ങനെ സമൂഹത്തിന്റെ സകല മേഖലകളെയും

ചുഴ്ന്നുനില്ക്കുന്ന വ്യവഹാരങ്ങളുടെയും ആകെത്തുകയാണ് .റെയ്മണ്ട് വില്യംസിന്റെ അഭിപ്രായത്തിൽ " ഒരു ജനതയുടെ ബാഹ്യവും ആഭ്യന്തരവുമായ ജീവിതത്തിന്റെ ആകെത്തുകയാണ് സംസ്കാരം."[3] .അതോടൊപ്പം സമൂഹത്തിന്റെ സമ്പൂർണ്ണജീ വിതാവസ്ഥ,സാഹിത്യം കല തുടങ്ങിയ സൗന്ദര്യാത്മകരൂപകങ്ങളുടെ കൂടിച്ചേരൽ,സ മൂഹത്തിന്റെ വികാസം എന്നിങ്ങനെയും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്. ഇത്തരം നിഗ മനത്തിൽനിന്നും വ്യതിരിക്തമായി,സമകാലികജീവിതത്തിന്റെ നേർക്കാഴ്ചയിലേക്കുള്ള ചൂണ്ടുപലകയാണ് ജെഫ്രി ഹാർട്ടുമാന്റെ നിരീക്ഷണം. " തീവ്രവികാരത്തെ ഉണർത്തു ന്നതോ വിക്ഷോഭപ്രാപ്തമാക്കുന്നതോ ആയ പദമാണ് സംസ്കാരം "[4] എന്ന നിഗമന ത്തിലൂടെ ഇക്കാലത്തെ നവതരംഗമായിമാറിക്കൊണ്ടിരിക്കുന്നന്യൂജനറേഷൻ സിനിമകളിലെ സംസ്കാരത്തെ പരിശോധിക്കാവുന്നതാണ്.ന്യൂജനറേഷൻ സിനിമ യിലെ സംസ്കാരത്തെ കൃത്യമായ ഒരു അളവുകോലുകൊണ്ട് നിർവചിക്കുക അസാ ധ്യമാണ്. എന്തെന്നാൽ നിരവധിയാളുകൾ സിനിമയിൽ ഉൾച്ചേരുന്നതിനാൽ ഇത്തരം സിനിമകൾ സമൂഹത്തോടും സിനിമയോടുതന്നെയും കലഹിച്ചും പിണഞ്ഞും ഇണഞ്ഞുമാണ് മുന്നേറുന്നത്.

ബഹുസ്വരമാകുന്ന ന്യൂജനറേഷൻസിനിമകൾ

ന്യൂജനറേഷൻസിനിമകൾ ഒറ്റനോട്ടത്തിൽ ആൾക്കൂട്ട സംസ്കാരത്തിലധിഷ്ഠി തമാണെന്ന് പറയാം. വ്യത്യസ്തവ്യക്തികൾ കൂടിച്ചേരുമ്പോൾ പരസ്പരവിരുദ്ധമായ ആശയങ്ങളുടെ സംഘർഷ-മിശ്രണങ്ങൾ സർവ്വ സാധാരണമാണ്. അവിടെ വിലക്കു കളും നിഷേധങ്ങളും ബാധകമല്ലാതാകുന്നു.അടിച്ചമർത്തപ്പെട്ടവന്റെ ആത്മരോഷങ്ങളും വിജയികളുടെ ആർപ്പുവിളികളും പരാജിതന്റെ രോഷാകുലശബദങ്ങളും നിത്യജീവി തത്തലെ പരാജയ ശബ്ദങ്ങളും വെളിപ്പെട്ടുവരും.പരമ്പരാഗതമായി പാലിച്ചുപോരുന്ന മൂല്യസങ്കല്പങ്ങളെ ചോദ്യം ചെയ്യുവാൻ ആൾക്കൂട്ടം ബലം പകരുന്ന അവസ്ഥാവി ശേഷം ഒട്ടനവധി ന്യൂജനറേഷൻസിനിമകളുടെയും പൊതുപ്രമേയമായമാണ്. "ബഹുസ്വരത നാം ആഴത്തിൽ മനസ്സിലാക്കുമ്പോൾ ഒന്നിലധികമാൾക്കാർ സംസാരി ക്കുന്നതെ ആശയവിനിമയം നടത്തുന്നതോ ആയ അവസ്ഥ മാത്രമല്ല,മറിച്ച് അന്യോന്യം ഇടഞ്ഞുനില്ക്കുന്ന പരസ്പരവിരുദ്ധവും സ്വയം സമ്പൂർണ്ണവുമായ ആശയലോക കങ്ങളും ആശയധാരകളും തമ്മിലുള്ള സംഘർഷമാണ് ആവിഷ്കരിക്കപ്പെടുന്നത്."[5] ഇത്തരം ആശയലോകവും ന്യൂജനറേഷൻ സിനിമകളുടെ ബോധമണ്ഡലങ്ങളെ പ്രചോ ദിപ്പിക്കുന്നുണ്ട്.

നമ്മെ ചിന്തിപ്പിക്കുന്നതോടൊപ്പം ക്യാമറയുടെ ഫ്രയിമിന് അയിത്തം കല്പിച്ചി രുന്ന സമൂഹപരിസരങ്ങളെ തുറന്നുകാണിക്കുകയെന്നതും ന്യൂജനറേഷൻ സിനിമ കളുടെ ആൾക്കൂട്ടസംസ്കാരത്തെ ദ്യോതിപ്പിക്കുന്ന ഒരു ഘടകമാണ്. മലയാളസിനിമ യുടെ ചരിത്രം മുതൽ തുടർന്നുപോന്ന താരസങ്കല്പങ്ങൾക്കു പകരം സാധാരണക്കാ രുടെയിടയിൽ നിന്നും നടന്മാരും സഹനടന്മാരുമായി കലാബോധമുള്ള ഒട്ടേറെ വ്യക്തി കൾക്കും സിനിമയിലേക്കു പ്രവേശനം ലഭിച്ചു.തന്നെയുമല്ല, സാധാരണക്കാരുടെ ജീവിതം വെളിപ്പെടുത്തുന്ന സിനിമകളായതിനാൽ നഗരങ്ങളെ വിട്ടൊഴിഞ്ഞ് അരികു വത്കരിക്കപ്പെട്ടവരുടെ ജീവിതങ്ങളെയും ഗ്രാമങ്ങളെയും നഗരങ്ങളിലെ തന്നെ അഴു ക്കുചാലുകളെയും പ്രമേയങ്ങളാക്കുന്ന കഥകൾ പുതിയൊരു അനുഭവമാണ് ആസ്വാ ദകർക്കു പകർന്നത് . മലയാളസിനിമകളുടെ ഇത്തരം മാറ്റങ്ങളിലൂടെ രംഗത്തുവന്ന നടന്മാരിൽ പലരും പ്രേക്ഷകർക്ക് പുതിയ അനുഭവമാണ് പകർന്നതെന്നുമാത്രമല്ല,

Scanned with CamScanner

മധ്യവർത്തികൾക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും ജീവിതമുണ്ടെന്നു തെളിയിക്കുന്നതിനുമുള്ള ഒരു വേദികൂടിയായി മാറിയ പ്രസ്തുത ചലച്ചിത്രസമീപനരീതി അക്കാലം വരെയും സിനിമകളിൽ കൊണ്ടാടപ്പെട്ടിരുന്ന പല ധാരണകളെയും തകർത്തെറിഞ്ഞു. നായകസങ്കല്പം മുതലേ ന്യൂജനറേഷൻ സിനിമകളിൽ പരിവർത്തനം ആരംഭിക്കുന്നുണ്ട്. നായകസങ്കല്പങ്ങൾക്ക് ഇളക്കംതട്ടുകയും മലയാള സിനിമയിൽ തമ്പുരാക്കന്മാരായും മാടമ്പിമാരായും വാണിരുന്ന നായകന്മാരെ കീഴ്മേൽ മറിച്ച് മലയാള സിനിമയിൽ ഓരം പറ്റിനിന്നിരുന്ന നായകന്മാർ മുഖ്യസ്ഥാനങ്ങളെ കൈയടക്കി. മുഖ്യ നടൻ എന്നതിൽ നിന്നും നടന്മാരിലേക്ക് നായകസങ്കല്പം മാറിയത് സംസ്കാരം ബഹുസ്വരമായതിന്റെ ദൃഷ്ടാന്തമായിക്കരുതാം.മലയാളസിനിമയിൽ അക്കാലംവരെയും പ്രധാനവേഷങ്ങൾ കൈകാര്യം ചെയ്യാനാവാതെ, പാർശ്വവത്കരിക്കപ്പെട്ടിരുന്ന നടന്മാരിലൊരാളായിരുന്ന വിനായകൻ മുഖ്യസ്ഥാനത്തു വന്നതിനു പിന്നിലെ ഒരു പ്രധാനകാരണം ന്യൂജനറേഷൻസിനിമകളിലെ വ്യതിരിക്ത കാഴ്ചപ്പാടിന്റെ തെളിവാണ്. കമ്മട്ടിപ്പാടം, മസാല റിപ്പബ്ലിക്ക്, ആട് ഒരു ഭീകരജീവിയാണ്,തുടങ്ങിയസിനിമകളിലൂടെഅദ്ദേഹംകാഴ്ചവെച്ചഅഭിനയമികവ് ഈ നിരീക്ഷണങ്ങളെ ശരിവയ്ക്കുന്നതുമാണ്. ആൾക്കൂട്ടസംസ്കാരത്തേക്കാളുപരി ന്യൂജനറേഷൻ സിനിമകൾ പ്രതിനിധാനം ചെയ്യുന്ന മറ്റൊരു സംസ്കൃതിയാണ് കാർണിവൽസംസ്കാരം.

വെള്ളിത്തിരയിലെ കാർണിവൽസംസ്കാരം

റഷ്യൻസാഹിത്യകാരനും നിരൂപകനുമായ മിഖായിൽ മിഖയിലോവിച്ച് ബക്തിനാണ് കാർണിവൽ എന്ന ആശയം ലോകത്തിന് ആദ്യം പരിചയപ്പെടുത്തിയത്.ഉത്സവാഘോഷം,ആഘോഷത്തിമിർപ്പ്,ഈസ്റ്ററിനു നാല്പതുദിവസം മുമ്പ് പതിവുള്ളസദ്യ എന്നീ അർഥങ്ങൾ വഹിക്കുന്ന ഈ ഇംഗ്ലീഷ്പദം ദസ്തയോവിസ്കിയുടെ കാവ്യമീമാംസാപ്രശ്നങ്ങൾ ,റാബെലേയും അദ്ദേഹത്തിന്റെ ലോകവും എന്നീ ഗ്രന്ഥങ്ങളിലൂടെയാണ് ബക്തിൻ ആവിഷ്കരിച്ചത്.പതഞ്ഞൊഴുകുന്ന പരിഹാസം സമൂഹമെന്ന പോർക്കളത്തെ ഗ്രസിച്ചിരിക്കുന്നൊരു പൊട്ടച്ചിരിയായി മാറുന്നതും ഒരു സഹസ്രാബ്ദകാലത്തിൽ പല മാറ്റങ്ങളിലൂടെ കടന്നുപോയ ജനപ്രിയസംസ്കാരം സാഹിത്യഭാഷയിൽ കുടിയേറിയതും അദ്ദേഹം തന്റെ പഠനത്തിലൂടെ തെളിയിക്കുന്നു.യാതൊരു വിലക്കുകളെയും നിഷേധങ്ങളേയും ഗൗനിക്കാത്ത ഭാഷയായും എന്തിനേയും പ്രതിരോധിക്കുന്ന സാമൂഹ്യസ്ഥിതിയായും കാർണിവൽ സംസ്കാരം പരിവർത്തനവിധേയമാകുന്നുവെന്ന് അദ്ദേഹം വെളിപ്പെടുത്തി.

ബക്തിൻ കാർണിവൽ എന്ന ആശയം ആവിഷ്കരിക്കുന്നതിനുപിന്നിൽ അക്കാലത്തെ സാമൂഹ്യസ്ഥിതിയോടുള്ള അമർഷമാണ് സൂചിതമാകുന്നത്.കദനഭാരം പേറുന്നവരുടെയും അടിച്ചമർത്തപ്പെട്ടവരുടേയും ദാരുണസ്ഥിതിക്ക് ഒരു പൊളിച്ചെഴുത്ത് ആവശ്യമായിവന്നതോടെ സമൂഹം ഒന്നടങ്കം പൊള്ളയായ ചിരിയിലേക്കും വ്യർഥഭാഷപ്രയോഗത്തിലേക്കും മാറുന്നതിന്റെ നേർചിത്രങ്ങൾ ബക്തിന്റെ കാർണിവലിൽ ദർശിക്കാനാകും.“ കാർണിവൽ എന്ന പൊതു സാമൂഹിക സംഭവത്തിന്റെ വേദി തെരുവും നഗരചത്വരവുമടങ്ങിയ പൊതുസ്ഥലമാണ്. വരേണ്യവും ആധികാരികമായതെന്തും ഇവിടെ ചോദ്യം ചെയ്യപ്പെടുന്നു. ഏകമാനവും അധികാര കേന്ദ്രിതവുമായ ജീവിതവീക്ഷണങ്ങളിൽ നിന്നും മാറി സമഭാവനയുടേയും സ്വാച്ഛന്ദ്യത്തിന്റേയുമായൊരു സമൂഹസ്ഥലം ഉത്പാദിപ്പിക്കുകയാണ് കാർണിവലിന്റെ വാങ്മയം ചെയ്യുന്നത്.”[6] ബക്തിൻ ആവിഷ്കരിച്ചിരിക്കുന്ന കാർണിവലിൽ ലോകത്തോടുള്ള സമീപനമാണ് പ്രകടമാകു

Scanned with CamScanner

ന്നത്.അതിൽ ലോകം വിവൃതമാകുന്നു.യാതൊരു തരം തിരിവുകളും കാർണിവലിൽ ഇല്ലെന്നു മാത്രമല്ല ഏവരും അതിൽ പങ്കാളികളാവുകയും ചെയ്യുന്നുമുണ്ട്.ബക്തിന്റെ കാർണിവലിൽ നിന്ന് ഏറെ വ്യത്യസ്തമാണ് ഗേഥേയുടെ കാർണിവൽ വിവരണം.

ജർമ്മൻകവിയായ ഗേഥേ പുതുവർഷത്തിൽ കണ്ട കാർണിവൽ ആഘോഷത്തെക്കുറിച്ച് നല്കുന്ന വിവരണത്തിൽ താൻ കണ്ടതു മുഴുവൻ തനിക്കിഷ്ടപ്പെട്ടിരുന്നില്ലെന്ന് അദ്ദേഹം പറയുന്നുണ്ട്. അക്രമം ഒഴികെ ബാക്കിയെന്തും കാർണിവൽ ആഘോഷത്തിൽ അനുവദനീയമായിരുന്നു.ജാഥകൾ,കുതിരപ്പന്തയങ്ങൾ,തുടർച്ചയായി ശബ്ദിക്കുന്ന പള്ളിമണികൾ,അരങ്ങേറുന്ന സംഗീതസഭകൾ എന്നിങ്ങനെ നാടെങ്ങും ശബ്ദമുഖരിതമാണെന്നു അദ്ദേഹം കൂട്ടിച്ചേർക്കുന്നു.ഇവിടെയെല്ലാം കാർണിവൽ വിലക്കുകളില്ലാത്ത പൊതുസദസായിട്ടാണ് രൂപാന്തരം പ്രാപിക്കുന്നത്.അവിടെ അരങ്ങേറിയ ആഘോഷത്തിമിർപ്പിൽ സഭ്യതയുടെയും കീഴ്വഴക്കങ്ങളുടേയും മാന്യതയുടേയുമെല്ലാം പരിധികൾ ലംഘിക്കപ്പെടുന്നു.ഭരണാധികാരികളെ പരിഹാസവിധേയമാക്കുന്നവർ ,ഉദ്യോഗസ്ഥരുടെ വേഷത്തിൽ ജനങ്ങളെ ന്യായം വിധിക്കുന്നവർ, ഇവരെ കണ്ട് ആർത്തട്ടഹസിക്കുന്നവർ,മുഖംമൂടികളണിഞ്ഞവർ ,തോരണങ്ങൾ,മദ്യത്തിൽ സ്വയം മറന്നാടുന്നവർ,സ്ത്രീവേഷം ധരിച്ച പുരുഷന്മാർ,പുരുഷവേഷം കെട്ടുന്ന സ്ത്രീകൾ എന്നിങ്ങനെ സ്ഥാപനവത്കരിക്കപ്പെട്ട എല്ലാ നിയമനടപടികളെയും ആചാരാനുഷ്ടാനങ്ങളുടേയും പൊളിച്ചെഴുതുന്ന പെരുമാറ്റരീതികളുടെ മേളനമാണ് കാർണിവലിൽ ഗേഥേ കണ്ടത്.അധികാരത്തിന്റെ ദൃശ്യപരിധിക്കപ്പുറത്ത് അങ്ങാടിയില്ല,തെരുവുകളില്ല എന്ന് ഈ ആഘോഷം വെളിപ്പെടുത്തുന്നുണ്ട്,

കാർണിവൽ ആഘോഷങ്ങളിലെ പദപ്രയോഗങ്ങൾ തന്നെയാണ് ഇന്നത്തെ ന്യൂജനറേഷൻ സിനിമകളുടെ അന്തർധാരയായിത്തീരുന്നത്.പാരഡി,അസംബന്ധഫലിതങ്ങൾ, ഹാസ്യാനുകരണം എന്നിങ്ങനെ കാർണിവലിലെ പദപ്രയോഗങ്ങൾ ന്യൂജനറേഷൻ സിനിമകളിലുമുണ്ട്. തെരുവും അങ്ങാടിയും ബഹുജന സംസ്കാരത്തിന്റെ മുഖ്യവേദിയായിമാറുന്ന ഇത്തരം സിനിമകളിൽ അവസരോചിതമല്ലാത്ത വാക്കുകളും സ്ഥാപനവത്കരിക്കപ്പെട്ട ലോകവീക്ഷണത്തെ ചോദ്യം ചെയ്യാൻ കഴിവുള്ള പ്രതിരോധവാക്കുകളും കാണുവാൻ കഴിയും. "ഉത്സവങ്ങൾ നിത്യജീവിതത്തിന്റെ നിയമബദ്ധതയുടെ വിശ്രമവേളകളാണ്.നിത്യജീവിതത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾ,സദാചാരസംഹിതകൾ,സമൂഹത്തിലെ വലുപ്പ-ചെറുപ്പങ്ങളെക്കുറിച്ചുള്ള സങ്കല്പങ്ങൾ,അധീശത്വങ്ങൾ,വിധേയത്വക്രമങ്ങൾ തുടങ്ങി എല്ലാത്തിനെയും ഉത്സവം മായിച്ചുകളയുന്നു. ഇതുകൊണ്ടുതന്നെ സാധാരണജീവിതക്രമത്തിന് ഉദാത്തമെന്നു തോന്നുന്ന കാര്യങ്ങളും ആഭാസകരമെന്നു തോന്നുന്നകാര്യങ്ങളും ഇത്തരം ഉത്സവങ്ങളിൽ ഒരുമിച്ചുവരുന്നു.ഇത്തരം ഉത്സവങ്ങൾ ജീവിതത്തിൽനിന്നുള്ള ഒളിച്ചോട്ടമല്ല, മറിച്ച് അധീശത്വവും വലുപ്പച്ചെറുപ്പവുമൊന്നുമില്ലാതെ ഭാവികാലത്തെക്കുറിച്ചുള്ള സ്വപ്നമാണ് .സാംസ്കാരികമാതൃക എന്ന നിലയ്ക്ക് യൂറോപ്യൻമധ്യകാലത്തെ ഉത്സവങ്ങൾ ഇന്നത്തെ ജനപ്രിയസംസ്കാരത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ടെന്ന് ബക്തിനും പല സാംസ്കാരിക വിമർശകരും കരുതുന്നു"[7]വെന്ന കെ.എം നരേന്ദ്രന്റെ നിരീക്ഷണത്തോടുചേർന്ന് ന്യൂജനറേഷൻ സിനിമകളുടെ ജീവൻതന്നെ കാർണിവൽ എന്ന ആശയസംഹിതയെ വെളിപ്പെടുത്തുന്നതാണെന്ന് മനസ്സിലാക്കാം.

കാർണിവൽ സംസ്കാരം ആൾക്കൂട്ട സംസ്കാരവുമായി ചേർന്നുനില്ക്കുന്നതാണ്." കാർണിവൽആൾക്കൂട്ടം വെറും ആൾക്കൂട്ടമല്ല.എല്ലാ സാമൂഹിക-സാമ്പത്തിക ബന്ധങ്ങൾക്കും രാഷ്ട്രീയസംഘർഷങ്ങൾക്കും അതീതമായ ജനസമഗ്രതയാണത്.

Scanned with CamScanner

കാർണ്ണിവലിന്റേതായ കാല സ്ഥലങ്ങളുടെ സവിശേഷതയുടേയും അനന്യതയുടേയും സൃഷ്ടിയാണീ സമഷ്ടിബോധം.ഔദ്യോഗികതയുടെ സ്ഥലകാലങ്ങൾ മനുഷ്യർക്കു ചുറ്റും വേലികൾ കെട്ടുന്നു. ആഹ്ലാദമേളയാകട്ടെ, അവക്കു സ്വാതന്ത്ര്യവും നിർഭയത്വവും നല്കുന്നു. കാർണിവലിലൂടെ വ്യക്തിശരീരം സമൂഹശരീരത്തിൽ ലയിച്ചുചേരുന്നു. "8 .എന്നുവരുമ്പോൾ ന്യൂജനറേഷൻ സിനിമകളിലും ഇത് പ്രകടമാകും.

ന്യൂജനറേഷൻ സിനിമകളിലെ കാർണിവലിസം.

എല്ലാ ന്യൂജനറേഷൻ സിനിമകളുടെയും സംസ്കാര പശ്ചാത്തലം അനാവരണം ചെയ്യുക അസാധ്യമായതിനാൽ റോക്ക് എൻ റോൾ,നമസ്തേബാലി, വെളിപാടിന്റെ പുസ്തകം, അങ്കമാലി ഡയറീസ്, ബാച്ചിലർപാർട്ടി,അടി കപ്യാരെ കൂട്ടമണി,എന്നീ ചിത്രങ്ങളെ മുഖ്യ പഠനവിഷയമാക്കുകയാണിവിടെ. കാർണിവൽസംസ്കാരത്തിന്റെ സ്വാധീനം സമൂഹത്തിൽ എത്രത്തോളമെന്ന് ഈ സിനിമകൾ മുൻനിർത്തി വിലയിരുത്തുകയാണ് ചെയ്യുന്നത്.

പാട്ട് ജനിക്കുന്നകഥ പറയുന്നതിനായി **റോക്ക് എൻ റോൾ** എന്ന സിനിമയിൽ ഹെൻറി എന്നയാളിൽ നിന്നും തുടങ്ങുന്ന അടിച്ചുപൊളി സംസ്കാരം സിനിമയിലൊട്ടാകെ കാണുവാൻകഴിയും. ചന്ദ്രമൗലി എന്ന മോഹൻലാൽകഥാപാത്രം നൈറ്റ് ക്ലബ് പാർട്ടിയിലൂടെയാണ് രംഗപ്രവേശം ചെയ്യുന്നത്.ശേഷം ഹോളണ്ടുകാരിയെവിടെയോ പോയി എന്നു പറഞ്ഞു അപ്രത്യക്ഷമാകുന്ന ചന്ദ്രമൗലി പിന്നീട് മീനാക്ഷിയെന്ന ശ്വേതാമേനോൻ കഥാപാത്രത്തിന്റെ ശരീരഭാഷയെ വർണ്ണിച്ചുകൊണ്ടാണ് പ്രത്യക്ഷപ്പെടുന്നത്. ഇരുവരും തമ്മിലുള്ള സംസാരത്തിനിടയിൽ തുറന്ന ലൈംഗികതയെ വെളിപ്പെടുത്തുന്ന നിരവധി സംഭാഷണശകലങ്ങൾ ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷപ്പെടുന്നുണ്ട്. ദയാ ശ്രീനിവാസൻ എന്ന കഥാപാത്രത്തെ കണ്ടുമുട്ടിയ ശേഷം ചന്ദ്രമൗലി അവരോടും പ്രകടിപ്പിക്കുന്ന സ്നേഹവാത്സല്യങ്ങൾക്കുള്ളിലും കാമത്തിന്റേതായ അംശങ്ങളാണോയെന്ന് ഗുണശേഖറിനെപ്പോലുള്ളവർ സംശയിക്കുന്നതിന്റെ പിന്നിലും അതുവരെയുള്ള ചന്ദ്രമൗലിയുടെ ജീവിതത്തിലെ സ്ത്രീലമ്പടത്വമാണെന്ന് വേണം മനസ്സിലാക്കാൻ. ചന്ദ്രമൗലിയുടെ ജീവിതത്തിൽ നാളെയെക്കുറിച്ചുള്ള വലിയ സ്വപ്നങ്ങളോ സാമൂഹിക മൂല്യങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകതയോ ഇല്ല. അദ്ദേഹം അയാളുടെ ഇന്നത്തെ ജീവിതത്തിൽ സന്തുഷ്ടനാണ്. ഈ കാഴ്ചപ്പാട് ന്യൂജനറേഷൻ സിനിമകളുടെ പൊതുബോധത്തെ പില്ക്കാലത്ത് സ്വാധീനിക്കുക പോലും ചെയ്തത് കാർണിവൽ സംസ്കാരത്തിന്റെ മണ്ഡലങ്ങളുടെ അബോധ പ്രവർത്തനമായി കരുതാം.

നമസ്തേബാലി എന്ന സിനിമ വിവാഹനിശ്ചയം കഴിഞ്ഞു സമ്പന്നനായ ഗേൾഫ്രണ്ടിനൊപ്പം ജീവിക്കാൻ ഒളിച്ചുപോകുന്ന ചാണ്ടിയെ (അജു വർഗീസ്) അന്വേഷിച്ചു ബാലിയിൽ എത്തുന്ന അന്നമ്മ (റോമ) എന്നിവരുടെ കഥയാണ്. കാർണിവൽ സംസ്കാരത്തെ വെളിപ്പെടുത്തുന്നതാണ് ഈ സിനിമയിലെ മിക്ക കഥാപാത്രങ്ങളും. മനോജ് കെ.ജയന്റെ അടുക്കലെത്തിപ്പെടുന്ന അന്നമ്മ അദ്ദേഹത്തിന്റെ ജീവിതതന്ത്രം (ഹാപ്പിയാകാൻ ഭാഗ്യം വേണ്ട, നമ്മൾ തന്നെ വിചാരിച്ചാൽ മതി) അക്ഷരാർഥത്തിൽ ഏറ്റെടുക്കുകയാണ്. അതോടൊപ്പം ചാണ്ടിയോടു പ്രതികാരം തീർക്കാൻ മദ്യം സേവിക്കുന്നതും മലയാളസംസ്കാരത്തിന്റെ നാൾവഴികൾ പരിചയിച്ചിട്ടില്ലാത്ത വസ്തുതയാണ്. ലഭിച്ച ജീവിതത്തെ കൂടുതൽ സന്തുഷ്ടമാക്കുന്നതിന് ശ്രമിക്കുന്ന ടോണി, താര എന്നിവരുടെ ജീവിതവും അന്നന്നത്തേക്കുള്ള സന്തോഷവഴികളിൽ സംതൃപ്തമാണ്. ബാലി മുഴുവൻ ചുറ്റിനടന്നുകാണുവാൻ ആഗ്രഹിക്കുന്ന അന്നമ്മ -ആൻ ആയിമാണ്. ബാലി മുഴുവൻ ചുറ്റിനടന്നുകാണുവാൻ ആഗ്രഹിക്കുന്ന അന്നമ്മ -ആൻ ആയി

Scanned with CamScanner

മാറുമ്പോൾ ന്യൂജനറേഷൻ സംസ്കാരം പ്രകടമായിത്തന്നെ വെളിപ്പെടുവരുന്നുണ്ട്. സായന്തനങ്ങളിലെ കൂടിച്ചേരലുകളും മദ്യംസേവിക്കലുമെല്ലാം നഗര (പലപ്പോഴും ഗ്രാമങ്ങളിലും) ജീവിതത്തിലെ പുതിയകാലത്തിന്റെ പ്രകടനങ്ങൾ തന്നെയാണ്. ബാലിയിൽ നിന്നു മടങ്ങാൻ താല്പര്യമില്ലാതെ മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങി, മടിയോടെയെങ്കിലും വീട്ടിലെത്തിയ ആനിനെ കണ്ട് അമ്മ പോലും നീ എന്തുകോലമാണ് മോളെ എന്നു ചോദിക്കുന്നതിൽ പുതുതലമുറയ്ക്കു കൈവന്ന മാറ്റമാണ് മുന്നിട്ടുനില്ക്കുന്നത്.ആഹ്ലാദങ്ങളെയും ആഘോഷങ്ങളെയും ചേർത്തുള്ള ജീവിതത്തിന്റെ മാധുര്യം ആവോളം ആസ്വദിക്കാൻ ആഗ്രഹിക്കുന്ന കഥാപാത്രങ്ങളാണ് ഈ സിനിമയിൽ ഭൂരിഭാഗവുമളളത്.

പുതുതലമുറയെ നേരാവണ്ണം നിയന്ത്രിച്ചില്ലെങ്കിൽ സംഭവിക്കാവുന്ന സംസ്കാരിക ശൈഥില്യവും മൂല്യശോഷണവും എത്ര അപകടകരമാണെന്ന് **വെളിപാടിന്റെ പുസ്തകം** എന്ന സിനിമ വെളിപ്പെടുത്തുന്നു.പ്രൊഫ.മൈക്കിൾ ഇടിക്കുള (മോഹൻലാൽ) എന്ന കഥാപാത്രംവരുന്നതിനു മുമ്പുള്ള കലാലയാന്തരീക്ഷം സംഘർഷഭരിതമായിരുന്നുവെങ്കിലും അച്ചന്റെ ചുമതലയിൽ രൂപപ്പെട്ട സിനിമാസംവിധാനം വിദ്യാർഥികളുടെ തമോവാസനകളെപ്പോലും നിമഞ്ജനം ചെയ്യിക്കുവാൻ പര്യാപ്തമായിരുന്നു. എങ്കിലും ഈ സിനിമയും കാർണിവൽ സംസ്കാരത്തെ വെളിപ്പടുത്തുന്നുണ്ട്. . **അങ്കമാലി ഡയറീസ്** എന്ന ചിത്രം ന്യൂജനറേഷൻ സിനിമകളുടെ കാർണിവൽ സംസ്കാരത്തിന്റെ മറ്റൊരു നിദർശനമാണ്.അങ്കമാലി തലപ്പള്ളിയിലെ പെരുന്നാളാഘോഷത്തോടെ ആരംഭിക്കുന്ന സിനിമയുടെ ഭൂരിഭാഗവും തെരുവോ ,വീടിനു പുറത്തുള്ള ഇടങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മദ്യപാനവും ആഹാരിക്കലും സന്തോഷം പങ്കിടലുമായി കഴിയാനാഗ്രഹിക്കുന്ന ഈ സിനിമയിലെ സുഹൃത്തുക്കൾ പുതിയകാലത്തിലെ ചെറുപ്പക്കാരുടെ പ്രതീകമാണ്.എത്രയും വേഗം അധ്വാനിക്കാതെ പണമുണ്ടാക്കാൻ ആഗ്രഹിക്കുന്ന ഈ ചെറുപ്പക്കാർ പന്നിക്കച്ചവടം ഉൾപ്പടെ വിവിധ ജോലികൾ ചെയ്യുമ്പോഴും അടിച്ചുപൊളിക്കുവാനുള്ള മാർഗ്ഗമായാണ് ഇവ മാറിയത്. കോളേജ് ഹോസ്റ്റലും ജീവിതവും പ്രമേയമാകുന്ന **അടി കപ്യാരെ കൂട്ടമണി** എന്ന സിനിമയും യൗവനാഘോഷങ്ങളെ കേന്ദ്രമാക്കുന്ന ബാച്ചിലർ പാർട്ടി, കസിൻസ് എന്നീ സിനിമകളുൾപ്പെടെ പുറത്തിറങ്ങുന്ന ന്യൂജനറേഷൻ സിനിമകളെല്ലാം തന്നെ കാർണിവൽ ചിന്താഗതിയെ അനുസ്മരിപ്പിക്കുന്നതാണ്.

പലപ്പോഴും ന്യൂജനറേഷൻ സിനിമകളുടെ പേര് (തലക്കെട്ട്) ഇംഗ്ലീഷിൽ നല്കിയത് പല വിമർശനത്തിനും കാരണമായിട്ടുണ്ട്.ഇതും പുതിയ കാലഘട്ടത്തിലെ ഇംഗ്ലീഷ്ഭാഷയോടുള്ള അധികഭ്രമമായി കരുതാവുന്ന വസ്തുതയാണ്. ട്രാഫിക് (2010), ബാച്ചിലർപാർട്ടി, ബിഗ് ബീ, പ്രാഞ്ചിയേട്ടൻ ആന്റ് സെയിന്റ് (2010) കോക്ടേയ്ൽ (2010), സോൾട്ട് ആന്റ് പെപ്പർ (2011), ഉസ്താദ് ഹോട്ടൽ (2012), 22 ഫീമെയ്ൽ കോട്ടയം (2012), സിറ്റി ഓഫ് ഗോഡ് (2012), ട്രിവാൻഡ്രം ലോഡ്ജ് (2012), ഫ്രൈഡേ (2012) ,സെക്കന്റ് ഷോ (2012) ബാച്ചിലർപാർട്ടി (2012), മുംബൈ പോലീസ് (2013), ഹണി ബീ (2013), ആമെൻ (2013), നോർത്ത് 24 കാതം (2013), എബിസിഡി (2013), ബാംഗ്ലൂർ ഡെയ്സ് (2014), ചാർളി (2015), മാൽഗുഡി ഡേയ്സ് (2016), അങ്കമാലി ഡയറീസ് (2017), സോളോ (2017), ഈഡ (2018). ക്യൂൻ (2018). കാർബൺ (2018), സ്ട്രീറ്റ് ലൈറ്റ് (2018), ക്യാപ്റ്റൻ (2018) , ഷാഡോ (2018), 21 ഡയമണ്ട്സ് (2018) എന്നിങ്ങനെ അനേകം സിനിമകൾ ഇംഗ്ലീഷിൽ പേരുകളും തലക്കെട്ടുകളും സ്വീകരിച്ച് മലയാളത്തിൽ പുറത്തുവന്നിട്ടുണ്ട്.

Scanned with CamScanner

ന്യൂജനറേഷൻ സിനിമകളിൽ ഭൂരിഭാഗവും തന്നെ ഭക്ഷണത്തിനും മദ്യം സേവിക്കുന്നതിനും വേഗത്തിൽ പണമുണ്ടാക്കി സന്തോഷിക്കാനാഗ്രഹിക്കുന്നവരുടെ പ്രതിനിധികളാണ് കഥാപാത്രങ്ങളായിവരുന്നത്. തിന്നുക,കുടിക്കുക, ആനന്ദിക്കുക എന്ന എപ്പിക്യൂറിയൻ ചിന്താഗതിയുടെ സ്വാധീനവും ന്യൂജനറേഷൻ സിനിമകളിൽ ദർശിക്കാനാകും. ന്യൂജനറേഷൻസിനിമകളുടെ തരംഗം ഇക്കാലത്ത് വർധിക്കുമ്പോൾ ഇവ സമൂഹത്തിലേക്ക് ന്യൂജനറേഷൻ സംസ്കാരമാണ് പകരുന്നത്. സീനുകളിലും സീക്വൻസുകളിലുമെല്ലാം ഫ്രെയിമിൽ നിരവധി കഥാപാത്രങ്ങൾ നിറയുന്നത് വിലക്കുകളെയെല്ലാം അതിലംഘിക്കുകയെന്ന കാർണിവൽ ചിന്താഗതിയുടെ സൂക്ഷ്മതലങ്ങളായും കരുതാവുന്നതാണ്.ഇത്തരം സിനിമകളിലെ മാറ്റങ്ങൾ അതിശയകരമായിരുന്നുവെങ്കിലും സിനിമയിൽ മദ്യപാനം,അശ്ലീലപദങ്ങളുടെ പ്രയോഗം ,പുകവലി തുടങ്ങിയ തെറ്റായസന്ദേശങ്ങളും ന്യൂജനറേഷൻ സിനിമകളുടെ സംസ്കാര പശ്ചാത്തലമായി വർത്തിക്കാറുണ്ട്.

ഏറെക്കാലം കഴിയും മുമ്പേ ന്യൂജനറേഷൻ സിനിമകളുടെ സംസ്കാര പശ്ചാത്തലം നൈതികമൂല്യങ്ങളെയും നീതിബോധത്തേയും ചോദ്യംചെയ്യുന്നതായിത്തീർന്നു. നവമാധ്യമങ്ങളുടെ അതിപ്രസരവും കുടുംബബന്ധങ്ങളുടെ ശൈഥില്യവും അവനവനിലേക്കു മാത്രം നോക്കാനുള്ള മനുഷ്യരുടെ പ്രേരണകളും സമൂഹത്തിൽ നിന്ന് സത്യം,ധർമ്മം,നീതി തുടങ്ങിയ ശ്രേഷ്ഠഗുണങ്ങൾ കൈമോശപ്പെടാവുന്ന ജീവിതരീതി (സംസ്കാരം)യാണ് നല്കിയത്. പാരസ്പര്യം,ഈശ്വരഭക്തി, ഗുരുഭക്തി ,ദേശസ്നേഹം, മതസൗഹാർദം തുടങ്ങിയ മൂല്യങ്ങൾ പരിഹാസപൂർവ്വം പോലും പുതു സിനിമകളിൽ പരിചരിക്കപ്പെടുകയുണ്ടായി. പ്രേമം പോലുള്ള സിനിമകൾ സമൂഹത്തിനു നല്കിയ സന്ദേശം സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യശോഷണത്തിന്റെ ദൃഷ്ടാന്തം തന്നെയാണ്. ഇത്തരം ന്യൂജനറേഷൻ സിനിമകളിലൂടെ പകരപ്പെടുന്ന സംസ്കാരം തലമുറകളിലൂടെ വ്യാപിക്കുന്നത് നാം തിരിച്ചറിയുകയും സദാചാരമൂല്യങ്ങൾക്കു വിരുദ്ധവും അക്രമവാസനകൾ പ്രോത്സാഹിപ്പിക്കുന്നതുമായ സിനിമകളോട് വിമുഖത പ്രകടിപ്പിക്കുകയും ചെയ്യുകയാണ് ഉത്തമം.എങ്കിൽമാത്രമേ മലയാളികളായ നാം സംസ്കാരികമായിപിന്തള്ളപ്പെടാതിരിക്കൂ എന്നുനാം ബോധ്യപ്പെടേണ്ടതാണ്.

Scanned with CamScanner



സിനിമ: സങ്കല്പനവും വ്യവഹാരവും

ഡോ. അനില കോമസ്

ആധുനികയുഗത്തിന്റെ കലയാണ് സിനിമ. മാധ്യമമെന്ന നിലയിലും ജ്ഞാനമേഖല എന്ന നിലയിലും സിനിമ അക്കാദമിക വിഷയമായി വ്യാപനം നേടുകയും നിലനില്ക്കുകയും ചെയ്യുന്ന ഒന്നാണ്. അതിദ്ര്യുതം മാറുന്ന സിനിമയെയും സാഹിത്യത്തെയും അപഗ്രഥിച്ച് തയ്യാറാക്കിയിരിക്കുന്ന 28 ലേഖനങ്ങളാണ് *സിനിമ: സങ്കല്പനവും വ്യവഹാരവും* എന്ന ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

₹ 180/-

ISBN 978-93-84282-19-6

ISBN 978-93-84282-19-6 >

ASCEND PUBLICATIONS
Kattuveettil Bldg.(Opp: Passport Kendra))
Nagampadam, Kottayam-686 006,Phone: 8281421593
E-mail: ascendktm@gmail.com
Website:www.ascendpublications.com

Scanned with CamScanner

HISTORY, CULTURE AND ARCHAEOLOGICAL STUDIES

Recent Trends

Commemoration Volume to Prof. M.L.K. Murty



Edited by

Pedarapu Chenna Reddy







Section – IV

Art and Architecture

43. The Monolithic Temples of South India: Architectural Proto-Types
Mr. Parthiban, Rajukalidoss and Deepak. John Mathew 529

44. Iconography of *Mahavidyas* and Other Minor God-Goddess
Dr. Brijesh Rawat 533

45. Simhanada Lokesvara in the Art of Bihar
Dr. Jalaj Kumar Tiwari 539

46. 'Koṭukoṭṭi' and 'Koṭṭiccēṭam'
Dr. Jeyapriya Rajarajan 545

47. Chola Sculptures: Thiruvanjinathar Temple
Dr. K.A. Kavitha 553

48. Representation of Folk in the Art of Vijayanagara Times with a Special Reference to Lepakshi
Prof. V. Meena Kumari 557

49. A Study of Ashtamukhee Shivling from Dashpur (Mandhya Pradesh) to Kalyanpur, Rajasthan
Dr. K.C. Pandey 573

50. Swastika Motif in Indian Art and Tradition
Dr. Vinay Kumar 579

51. Wrestling/Grappling Panels at Bhuleshvar Temple, Yavat, Maharashtra
Dr. Kush Dhebar 589

52. Vaniyambadi Atithisvara Temple – A View
Dr. M. Gandhi 595

53. A Few Rare Depictions of the Narasimha form of Vishnu in Sri Ranganatha Temple, Srirangam
Dr. G. Balaji 605

54. If This is Citambaram-Naṭarāja, Then Where is Tillai-Kūttaṇ? An Introspective Reading of Tevaram Hymns
R.K.K. Rajarajan 613

55. Ajanta: The Early Visual Reference of Indian Textiles
Dr. Padmini Tolat Balaram 635

56. Museum Collection and Conservation
Ms. Santi Majee 641

57. Zodiac Symbols in Indian Sculptural Art
Dr. Priya Thakur 647

58. Significance of Mānasāra: A Unique Text on Architecture
Narasingha Charan Panda 653

59. Chikankari the Living Craft of Lucknow
Dr. Shama Mahmood 659

60. New Light on Archaeological Vestiges of Kushabhadra Valley, Odisha
Dr. Atula Kumar Pradhan 665

Plates 675-728

VOLUME – III

61. Efflorescence of Vaishnava Art as Discerned in the Light of the Composite Anthropomorphic Figure From Haryana
Dr. J. Manuel 729

62. Panchadharla : A Neglected Saivate Centre in Madhyama Kalinga
Dr. Bhagavathula Shankar Rao 747

63. Ardhanarisvara in Art of Rayalaseema
Dr. Batluri Usha Rani 753

64. From a Surasundari to the Goddess : A Case Study of 'Koparai' at Mankeshwar, Dist. Osmanabad, Maharashtra
Dr. Anuja Joshi and Dr. Shrikant Ganvir 757

65. Brahma in the Art of Bihar
Dr. Jalaj Kumar Tiwari 763

66. Sciences and Arts in Indian Scriptures
G. Kamalakar 769

Section – V

Religion and Philosophy

67. Buddhajanma and Cāturmahārājikas: A Study in Evolution
Dr. Manjiri Bhalerao 779

68. Realities in Zen Buddhism
Prof. (Mrs.) V. Balambal 787

69. Education at the Time of Buddha
Dr. Anil Kumar Chowdhury 795

70. Gautama: A Pioneer of Buddhism (Enlightenment, Freedom, Dignity, Independence, and Peace)
Dr. Jammanna Akepogu 801

71. The Religious Tenets of Islam and Hinduism
Prof. Chenchulakshmi Kolla 809

72. Influence of Persian Culture on Vijayanagar Temples
Prof. N. Kanakarathnam 817

73. Saivism in Central India
Dr. Mohan Lal Chadhar 823

74. The Religious Organization of the Cholanaickans and Paniya Tribes of Kerala: A Historical Study
Dr. Nisha Joseph 827

75. Cultural Profile of the Gangetic Estuary *(Khāḍi)* : The Living Cult of the Goddess Viśālākśī in Coastal South 24 Parganas, West Bengal
Dr. Krishnendu Ray 833

Section – VI

History

76. The Role of Brahmanas in Malwa and Goa: A Comparative Analysis
Dr. Nagendra Rao 845

77. Role of E.V. Ramasami in Women Rights Movement
Dr. C. Nadarajan 851

power was illustrated in the term of Saivism. It is well evident by the ancient findings that *Pasupat* sect opt Saiva tradition was the most primitive one. However, in later ages its original conception turned side and laborated synthesis gave it quite distinct shape. Since God was the embodiment of all human thoughts for he unseen power, his symbol representing him as a phallus is not logically, acceptable. Certainly the phallic onception behind God's symbolic form developed considerably later. Originally, he was the single, highest ivine authority as *Mahadeva.* As a composite of male, female and animal, he is materialistic and as yogi n-materialistic. His emblem symbolized these two ends which are beyond comprehensions. Thus Siva is ssociated with science of language i.e., grammar. A sculpture from *Kalugumalai* and *Bahgarh nala* Amarkantak) shows Siva playing with dundubhi, Veena or mrdanga and is known as Dundubhi and Veena *kshina-murti.* In this sculpture Siva is shown as Kapardi.

Siva is conceived as the first preeminent physician in the *Satarudriya text.* A physician in the ancient orld perhaps carries the snake as his symbol; Mercury has a hand entwined by snake. Siva as a physician ntrol snakes and uses poison as internal medicine meant for intake. It is signified in his epithet, *Nilagriva* t poison discoloured his throat but cannot do any harm to life because Siva can control its bad effect. va appellation, Soma in the *Satarudriya text* also signifies Siva as a scientist. It is true that many popular igion Centers of Hinduism such as Banaras, Ujjain, Amarnath, Amarkantak and some most frequented nples of India such as jyotrilingas and the temples of Tanjore and Bhojpur associated with lord Siva y, many ancient temples of India are also Saiva Temple only. It will thus be seen that Saivism has been ynamic and popular faith in India right from the First century A.D. onward till the present day.

References

1. Mortimer Wheeler, M.,: *The Indus Civilization*, Cambridge University Press (Cambridge),1953 p.,109 and *IAR*-1962-63, Pl. LVII, A&B.
2. *Nirukta*, X,7.
3. *Yajurveda*, III, 57.
4. Dubey, Nagesh,: *Eran Ki Kala*,1997, Sagar, (MP) p. 135.
5. Mahajan, V.D. *Ancient India,* New Delhi,1965, p. 53.
6. Bhandarkar, Ramakrishna Gopal:. *Vaisnavism, Œaivism, and Minor Religious Systems*. New Delhi:, 1995. p. 146.
7. Bhattacharyya, Haridas : *The Cultural Heritage of India*. Calcutta, 1956,.p. 300.
8. Gopinath Rao, T.A., *Elements of Hindu Iconography*,Vol.,2,New Delhi,1998, pp,404-405.
9. Tattwananda, Swami: *Vaisnava Sects, Saiva Sects, Mother Worship*. Calcutta, 1984.p. 26.
10. Chakravarti, Mahadev: *The Concept of Rudra-Œiva Through the Ages*, New Delhi,1994, p.17.
11. *Lingapurana*, XI, 4-5.
12. *Ibid*
13. Banerjea, J.N. : *The Development of Hindu Iconography*, Calcutta, 1956, p., 123.
14. Sharma, Andre: *The development of Early Saiva art and Architecture*, Delhi, 1982, p. 58.
15. Sivaramamurti, C., *Natraja in Indian Art Thought and Literature,* Delhi, 1974, p.4.

74

The Religious Organization of the Cholanaickans and Paniya Tribes of Kerala: A Historical Study

Dr. Nisha Joseph

The tribal life and society can't properly understand without religion. Religion pervades all aspects of their life. Religion of a tribe is simple as far as it is expressed in everyday language and experienced in everyday life. Without understanding tribes' religious notions, we cannot understand tribal life style. This paper discuss about the religious concepts of the tribes like Cholanaickans and Paniyas.

The association of human beings with supernatural being is very old. They generally attribute sudden or mysterious happenings, natural disasters like drought, famine, sickness and any mishap or accident to the supernatural beings and deities.[1] In modern times, the development of scientific temper and formal rationality withstanding, human beings relationships with the supernatural continues in the same manner, may be in a larger degree or with changed perceptions. This inextricable link has always aroused interest of the anthropologists to understand the structure and organisation of the society.

THE CONCEPT OF ANIMISM AMONG THE TRIBES

The form of religion practiced by the tribal people in India was regarded as *'Animism'* until the middle of the 19th century. The term animism is derived from *'Anima'*, a Latin word meaning *'Soul'*. It conceives of human being as passing through a life surrounded by the ghostly company of powers and elements mostly impersonal in character.[2] The basic premise for this theory is that the animistic belief is to communicate with the supernatural beings, not about metaphysics or the dogmas of moral life, but about urgent needs – securing food, curing illness, averting dangers.[3] However, animism as a theory in social anthropology does not exhaust all that religion consists of, and therefore the nomenclature is now changed to *'Tribal Religion'*.[4]



ദൃശ്യപാഠവും സാഹിത്യപാഠവും

പ്രിൻസ് മോൻ ജോസ്
എഡിറ്റർ

Scanned with CamScanner

ഉള്ളടക്കം

ഫെമിനിസ്റ്റ് ദർശനം എം.ടി.യുടെ വൈശാലിയിൽ 9
വിനോദ് . എൽ

യോഗക്ഷേമനാടകങ്ങൾ: പരിവർത്തനത്തിന്റെ സമരായുധങ്ങൾ 14
ഡോ.എ.എസ്. സനിൽ

നവകാലത്തിന്റെ സമസ്യകൾ വി. ദിലീപിന്റെ അത്താഴം എന്ന കഥയിൽ 24
പ്രിൻസ് മോൻ ജോസ്

സൈബർ ഭാവുകത്വത്തിലെ സ്ത്രീ നിർമ്മിതി -
മലയാള ചെറുകഥകളെ ആസ്പദമാക്കി ഒരു വിമർശനാത്മക പഠനം 28
സരിത രാജീവ്

ഇക്കോ - ഫെമിനിസത്തിന്റെ സാംസ്കാരികപരിസരം വി.എം.ഗിരിജയുടെ കവിതകളിൽ 36
ജെസി അലക്സാണ്ടർ

സെന്റ് പോൾ - സ്ത്രീവാദസിദ്ധാന്തങ്ങളെ ആധാരമാക്കി ഒരു പുനർവായന 42
ഡോ. സി. നോയൽ റോസ്

ഭാഷ ആഖ്യാനം ചെയ്യുന്ന സ്ഥലസങ്കല്പം 47
ഡോ. ആർ. രാജേഷ്

ആത്മീയാന്വേഷണം വി.ജി തമ്പിയുടെ കവിതകളിൽ 60
സൗമ്യ ജോസ്

ഗ്രാമവിവക്ഷ: ആർ. രാമചന്ദ്രൻ കവിതകളുടെ ഉണ്മ 63
സൗമ്യ പോൾ

'ദർശനത്തിൽ നിന്നും അനുഭവത്തിലേക്ക്' -
'ബംഗ്ലാദേശ്' എന്ന നാടകം മുൻനിർത്തിയുള്ള അന്വേഷണം 69
ജാന്തിനി തോമസ്

ഇ.എം. കോവൂരിന്റെ 'കാട്' - ഒരു പുനർവായന 73
സി ജെസ്സീന മാത്യു

ആഖ്യാനത്തിലെ വ്യതിരിക്തത - ബാല്യഭാവാവിഷ്ക്കരണം നന്തനാരുടെ നോവലിൽ 78
ഡോ. അശ്വതി എ. വി

Scanned with CamScanner

സ്ത്രീചരിത്രം:വീണ്ടെടുപ്പിന്റെ വഴികൾ 86
മേരി റീമ

പെൺപക്ഷ കഥകളിലെ ആഖ്യാനഭേദങ്ങൾ
കെ. സരസ്വതിയമ്മയുടെ 'പെൺബുദ്ധി' മാധവിക്കുട്ടിയുടെ
'നഷ്ടപ്പെട്ട നീലാംബരി' സിതാരയുടെ 'അഗ്നി' എന്നീ കഥകളുടെ താരതമ്യ പഠനം. 92
ജസ്‌വിൻ സിറിയക്

മാധ്യമസ്വാധീനം സന്തോഷ് ഏച്ചിക്കാനത്തിന്റെ കഥകളിൽ 98
മോനിഷ എം.

സന്തോഷ് ഏച്ചിക്കാനത്തിന്റെ 'ബിരിയാണി'യിലെ ഹെജിമണി 104
ദിവ്യ എസ്. കേശവൻ

നവഭാവുകത്വം ഉത്തരാധുനിക ചെറുകഥയിൽ 110
ഷൈനു ഏബ്രഹാം

പത്രഭാഷ: ആഖ്യാനരീതിയിലെ തനിമയും,
നവമാധ്യമങ്ങളുടെ സ്വാധിനം വരുത്തിയ മാറ്റങ്ങളും 114
എൽസീന ജോസഫ്

ഒ.എൻ.വി.യുടെ താരതമ്യദർശനം-
'കവിതയിലെ സമാന്തരരേഖകൾ' എന്നതിനെ ആസ്പദമാക്കി ഒരു പഠനം 120
ആതിര കെ. ആർ

ദൈവം കാണൽ അനുഷ്ഠാനപാഠവും കലാദർശനവും 126
ഉഷാകുമാരി എം.ബി

ഗാന്ധിയൻ ദർശനങ്ങൾ വയലാ വാസുദേവൻപിള്ളയുടെ നാടകങ്ങളിൽ 133
പ്രഷീന എസ്. എൽ.

അനുഭവത്തിന്റെ അതിഭൗതികത:
'ഖസാക്കിന്റെ ഇതിഹാസ'ത്തെ മുൻനിർത്തിയുള്ള അന്വേഷണം 137
ഷംനരാജ് കെ. കെ

ഗാന്ധി ദർശനം : മലയാള കവിതയിൽ ഒരു പുതുവായന 142
സന്ധ്യ എൻ. എസ്

ആധുനിക കേരളചരിത്രാഖ്യാനവും ലിംഗപദവിയും 147
രമ്യ പി. പി

വയലാർ ഗാനങ്ങളിലെ പ്രണയ സങ്കല്പം 156
റ്റിബിൻ പുല്ലാട്ട്

Scanned with CamScanner

ഗ്രാമവിവക്ഷ: ആർ. രാമചന്ദ്രൻ കവിതകളുടെ ഉണ്മ

സൗമ്യ പോൾ

അസി. പ്രൊഫസർ, മലയാളവിഭാഗം, ഹെൻട്രിബേക്കർ കോളേജ്, മേലുകാവ്

പ്രകൃതിയുടെ വശ്യതയിൽ അലിഞ്ഞുചേർന്ന് കവിതകൾ രചിച്ചിട്ടുള്ള കവിയാണ് ആർ.രാമചന്ദ്രൻ. ആർ.രാമചന്ദ്രന്റെ കവിതകളോരോന്നും കണ്ടതിനപ്പുറം കാണാപ്പുറങ്ങളിലേക്കുള്ള ഉത്കണ്ഠയുടെ വാതിൽ തുറന്നിട്ടിരിക്കുന്നവയാണ്.ജീവിതത്തിന്റെ അർഥമില്ലായ്മയും ഏകാന്തതയും മൗനവും അദ്ദേഹത്തിന്റെ കവിതകളുടെ നാഡികളാണ്.ചുരുക്കം കവിതകൾകൊണ്ട് മലയാളകവിതാചരിത്രത്തിൽ തനതിടംനേടിയ ആർ. രാമചന്ദ്രൻ മുരളി, സാന്ധ്യനികുഞ്ജങ്ങൾ ,ശ്യാമസുന്ദരി, പിന്നെ എന്തിനീയാത്ര തുടങ്ങിയ സമാഹാരങ്ങളിലായി അറുപതിൽതാഴെ കവിതകൾ മാത്രമേ രചിച്ചിട്ടുള്ളു.

Women Empowerment: Self Help groups for over 11000 from rural communities in around Hindalco units, merit scholarships for female students for their educational endeavour, health and awareness building programmes for women.

ONGC

It is an Indian multinational oil and gas company founded in 1956. It is a public sector undertaking under the administrative control of ministry of petroleum and natural gas.

Community and Rural Development: Project Utkarsh livelihood project in Sibasagar providing opportunities for 400 household, training elderly people in goatery, piggery, mushroom cultivation etc which helps in income generation Project PURA (Providing Urban amenities in Rural Areas).

Health: Varisthya Jana Swasthya Sewa Abhiyan providing healthcare at doorsteps for elderly through Mobile Medical Units functional across 8 states, ONGC hospitals at Assam, Gujarat and Uttar Pradesh.

Education: Financial assistance to Anganwadis in Western India.

Environment: Joined with NGOs for creating 'Harit Moksha' energy efficient and environment friendly wood based crematorium, ONGC- Eastern Swamp Deer Conservation Project in Kaziranga National Park, Project Saraswathi to recover deep aquifers in North Western Rajasthan.

Art and Culture: ONGC-NSTFCD Hathkargha Prashikshan with an aim to economically empower tribal handloom artisans in Assam.

Training for Youth: ONGC-GICEIT computer centres for employment related computer training for underprivileged youth, in 2012, 1400 candidates received free training.

Disaster Relief: Post Orissa cyclone relief programmes, Post Tsunami relief measures in Karaikal, Nagapattinam etc.

Sports: Working with numerous NGOs for supporting sports and sports persons.

Women Empowerment: Training of rural women with in tailoring and toy making with a linkage of income generation under Project Utkarsh.

Disabled People: Supporting Tamana special school with computer centres for supporting disabled children, donating Braille machine for blind children in North-Eastern states, supporting Asha Deep charitable trust for supporting and training mentally impaired children and also helping aged people.

DR. REDDY'S LAB

It is an Indian multinational pharmaceutical company founded in 1984.

Community Development: IKP- Urban (UPADHI) Labs were set up through MoU with Mission of Elimination of Poverty in Municipal Areas (MEPMA), Government of Andhra Pradesh and impaired skill training for livelihood under UPADHI (Urban Programme for Advancement of Household Income).

Health: Addressing health care needs and patient education activities through Dr. Reddy's Foundation for Health Education, NICE Foundation for improving maternal health and decreasing infant mortality.

Education: Dr. Reddy's Foundation supports educational needs for children engaged in child labour and helps them enrol in schools, language transition course materials for shifting children to English medium schools, Residential Bridge Centres set up in Andhra Pradesh for children between 9 and 14 years for better quality education.

Agriculture and Rural Development: Livelihood Advancement Business School for Farmers launched in 2010 to provide small farmers with latest technology for agriculture, local skills in rural economies are identified and linked to local jobs thus reducing dependency on fragmented household lands.

Training Programmes: Short term skill development training programme by Livelihood Advanced Business Schools (LABS) for youth and also for people with disability between age of 18 and30, providing training in emerging sectors, over 2,90,000 trained so far with avg 70% placement per year.

Others: Nandi Foundation for providing clean drinking water and mid day meal for children.

SUN PHARMACEUTICALS

It is an Indian multinational pharmaceutical company headquartered in Mumbai and sells pharmaceutical formulations and ingredients.

Health: Distribution of certain critical life saving drugs like Istavel, Decitabile etc at significant discount to the poor, regular distribution of medicines to monasteries in Sikkim, blood donation camps with employee participation, Ranbaxy Community Healthcare Society Programme aimed at HIV awareness and reduction in infant mortality, Ranbaxy Sanjeevan Swasthya Sewa aimed at early cancer detection, Maatra Shishu Swasthya Sewa to reduce maternal/infant mortality, Mobile medical unit in Ahmedabad.

Education: Promotion of education by School Infrastructure Development along with NGOs, benefited 164 students by providing furniture, fixtures and education programmes.

Environment: Using innovative and greener technologies in production, applying '3 R' in waste management, switching from conventional furnace oil boilers to eco-efficient biomass boilers to reduce carbon emission.

Energy: Optimised use of natural resources, using wind energy in one of the facilities.

Community and Rural Development: Medical facilities made available to rural areas near Ahmednagar, collection of biomass from rural areas providing them income, construction of Public Distribution Centres.

Training Programmes: Community upliftment models for skilling people and also providing them jobs in the company factories.

ITC

It is an Indian conglomerate established in 1910. Its diversified business include FMCG, hotels, paper boards and packaging, Agri- business and IT.

Health: ITC's Health & Sanitation initiatives, mobilising empowered grass root institutions that take lead in building family owned toilets.

Education: Primary Education Programme helping over 4,20,000 rural children, infrastructure assistance to government schools, 'Roaming laptop' programme to promote computer skills.

Environment: Reduction in carbon dioxide emission for 10 years in a row, over 2 times rain water harvesting potentials than net consumption, solid waste recycling, Integrated Watershed Development Programme for local community with the support of NGOs, environment friendly 'Green Building' offices and hotels (LEED Platinum certified).

Energy: Renewable resources and carbon neutral fuels to over 43% of energy consumption, use of wind energy in packaging and printing centres, use of waste wood biomass.

Art & Culture: ITC Sangeet Research Academy for supporting Hindustani Classical Music.

Agriculture and Rural Development: 'ITC e- choupals' helping marginal farmers in rural India, providing technological knowledge and real time market knowledge, 'Farm to Food products' value chain eliminating intermediaries between farmers and the company, ITC Social & Farm Forestry Programme (over 1,98,000 hectares) for wasteland owners, ITC Livestock Development Programme (nearly 12,00,000 cattle).

Training Programmes: Vocational training initiatives targeting marginalised communities and providing technical skills in various sectors, training around 10,000 youth per year.

Women Empowerment: Assistance for over 45000 women to form micro credit self help groups.

Disabled people: Providing suitable jobs in the company in par to their skills.

INFOSYS

It is an Indian MNC that provides business consultancy, IT and outsourcing services established in 1981.

Community Development: Sponsoring Navajeevana Mahila Okoota empowering marginalised Devadasi communities.

Health: Blood donation camps by employees, Clean India campaign for making local community aware of personal hygiene, executed at Bengaluru, Bhubaneswar, Chennai etc.

Education: Gnanapeeda programme in Mysore, training mid school teachers in advanced teaching in math and science (630 participants from 34 districts), sponsoring Agasthya Foundation for teacher training programme promoting experimental learning, 'Aspiration 2020' programming contest to create innovative ideas among youth, Rural Reach programme to create awareness about IT among rural children, 'Spark Guru' programme focussing on government school teachers.

Environment: LEED Platinum certified offices, reduced water wastage and gas emission, diversity of flora and fauna grown in office premises (planting over 89,000 saplings), rain water reservoirs in campuses, reduction in carbon emission by 4.32% (2014-15).

Energy: Use of natural light and radiant panel based cooling system in offices, reducing per capita consumption of power by 4.34% (2014-15), 29.11% overall electricity required from renewable sources.

Art & Culture: Restoration of archaeological complex at Lakshmeshwara, sponsoring cultural programmes organised by BVB, providing funds, computing infrastructure and digitizing system for museums.

Rural Development: Rural development programmes volunteered by employees in Maddur and Marballi, through education, women empowerment and social entrepreneurship.

Training Programmes: 'Catch Them Young' programme which exposes bright urban youth to the scope of IT.

Women empowerment: Scholarship for girls for higher education, sponsoring Navajeevana Mahila Okoota, promotion of local women entrepreneurs by employees.

Others: Sponsoring mid day meal programme for schools, sponsoring air tickets for housemaids who were ill-treated in their workplaces in Middle East countries to return to their homeland.

The following tables and graphs will show the major CSR investment areas in India and the number of sample companies active in these areas.

Company	CD	HL	ED	EV	EC	AC	RD	TP	AG	DR	SP	WE	DP	OT	No. of areas by each company
P&G		*	*	*	*					*		*	*		7
Pepsico	*	*	*	*	*		*		*					*	8
Nestle		*		*					*			*		*	5
IBM	*	*	*					*		*		*	*	*	8
Citi Bank	*		*	*		*	*	*	*			*	*		9
Microsoft	*		*		*			*		*		*	*	*	8
Coca Cola	*	*	*	*	*		*	*	*		*	*	*		11
No. Of companies active in each area	5	5	6	5	4	1	3	4	4	3	1	6	5	4	-

Table 1: Areas Of CSR Investment By Foreign MNCs

Abbreviations

CD- Community Development HL- HealthCare ED- Education

EV Environment EC- Energy Conservation AC- Art & Culture

RD- Rural Development TP- Training Programmes AG- Agriculture

DR- Disaster Relief SP- Sports WE- Women Empowerment

DP- Support for Disabled OT- Others

Company	CD	HL	ED	EV	EC	AC	RD	TP	AG	DR	SP	WE	DP	OT	No. of areas by each company
Tata Steel	*	*	*	*	*	*	*		*	*	*	*			11
Hindalco		*	*	*			*	*	*			*			7
ONGC	*	*	*	*		*	*	*		*	*	*	*		11
Dr. Reddy's Lab	*	*	*				*	*	*				*	*	8
Sun Pharmaceuticals	*	*	*	*	*		*	*							7
ITC	*	*	*	*	*	*	*	*	*			*	*		11
Infosys	*	*	*	*	*	*	*	*				*			9
No. Of companies active in each area	6	7	7	6	4	4	7	6	4	2	2	5	3	1	-

Table 2: Areas Of CSR Investment By Indian MNCs



Figure 1: Diversified Areas Of Investment By Foreign MNC



Figure 2: Diversified Areas Of Investment By Indian MNCs

CONCLUDING COMMENTS

Multinational corporations are very powerful organisations who have the capacity for adapting to the diversified environments in which they function. Around the world, corporations have come to the understanding that mere profit maximisation alone will not contribute to the long term success of business and they must satisfy every stakeholder for the long term survival. India is one of the first country were CSR is made mandatory. Under this circumstance, every major corporation whether Indian or foreign are keen on performing good CSR practices in India. It is this scenario that lead us to the comparison between CSR practices of Indian and foreign companies in this study. The study showed that, when comparing the two sections Indian MNCs have a diversified portfolio of CSR investment than their foreign counterparts. Overall participation in CSR is higher for Indian companies than the foreign companies. Among the Indian MNCs majority of them focused on health care, education and rural development with all the sample companies taking part in them while they give least focus on disaster relief and promotion of sports. Among the foreign MNCs major focus is on health care, education and environmental protection and least focus is given on art and culture and sports. Indian companies give a better contribution to art and culture of the country than the foreign companies. The same happens in the case of agricultural and rural development too. But when it comes to supporting disabled people and women empowerment the number of foreign companies contributing to the causes is higher than the number of Indian companies. Among the foreign companies Coca Cola is the one having the most diverse CSR investment. When it comes to Indian companies Tata Steel, ONGC and ITC are all making very diverse contribution. Thus we can conclude that Indian Companies are keener on bringing diversified CSR investment than their foreign counterparts doing business in India.

REFERENCE

Garriga E and Mele, D(2004) Corporate social Responsibility theories, Mapping the territory. Journal of business Ethics, vol.53, pp 51-72.

Enquist B jhonson M and Skalen P.(2006) Adoption of Corporate Social Responsibility-Incorporating a stakeholder perspective. Qualitative research in accounting and management. Vol.3(3), pp 188-207.

Jamali D(2007) The case for strategic social responsibility in developing countries. Business and society Review, vol.112(1), pp 1-27.

Andrew, Crane. Dirk, Mattan and Laura. J, Spence . (2008). Corporate Social Responsibility and Cases in a Global Context, Rutledge Publication, London and New York.

Arora, B. and R, Puranik. (2004), A Review of Corporate Social Responsibility in India, in: Development: Journal of the Society for International Development, 47(3), pp. 93–100

Boli, J. and D. Hartsuiker. (2001), World Culture and Transnational Corporations: Sketch of a Project, In (ed.), International Conference on Effects of and Responses to Globalization. Istanbul

Soumya Paul.

ഭാഷയുടെ വർത്തമാനം

സമാഹരണം

ഡോ. ജോസഫ് സ്കറിയ



Scanned with CamScanner

ഉള്ളടക്കം

1. ദേശചരിത്രവും ഭാഷാചരിത്രവും
—എം. ജി. എസ്. നാരായണൻ ... 19
2. മലയാളഭാഷയുടെ വ്യവഹാരശേഷി
—എം. ആർ. രാഘവവാരിയർ ... 34
3. മലയാളഭാഷയുടെ പാരമ്പര്യം
—ടി. ബി. വേണുഗോപാലപ്പണിക്കർ ... 45
4. ക്ലാസ്സിക് മലയാളപഠനം: ഡിജിറ്റൽയുഗത്തിലെ വിചാരമാതൃക—സ്കറിയാ സക്കറിയ ... 56
5. ഭാഷാപഠനം: സമീപനങ്ങൾ, വെല്ലുവിളികൾ
—സി. ജെ. ജോർജ്ജ് ... 70
6. ശ്രേഷ്ഠഭാഷാപദവിയും മലയാളഭാഷാചരിത്രവും
—സൗമ്യ ബേബി ... 85
7. തമിഴ്ഭാഷാസ്വാധീനം മലയാളത്തിൽ—ചരിത്രവും വർത്തമാനവും—ബിജു പി. വി. ... 100
8. ആധുനികഗദ്യത്തിന്റെ വ്യവസ്ഥാപനവും ആനുകാലികങ്ങളും—ഉണ്ണികൃഷ്ണൻ പി. ... 107
9. ഭാഷാപരിണാമത്തിലെ ജനാധിപത്യവും സ്വകാര്യവത്കരണവും—സി. ആർ. പ്രസാദ് ... 117
10. മലയാളഭാഷാവികസനം: ഒരു സാമ്പത്തികമാതൃക
—പി. ശ്രീകുമാർ ... 133
11. ജൂതച്ചെപ്പേടിലെ ഭാഷാപ്രതിനിധാനം
—അരുൺ മോഹൻ പി. ... 147
12. 19-ാം നൂറ്റാണ്ടിലെ ശാസ്ത്രസംരംഭങ്ങളും മലയാളത്തിലെ 'പ്രകൃതിശാസ്ത്ര'വും—ആതിര ടി. ആർ. ... 163
13. ദ്വിഭാഷാസാഹചര്യത്തിലെ ഭാഷാമനോഭാവവും സാംസ്കാരികാദേശവും—പി. എം. ഗിരീഷ് ... 179
14. വാക്യവിചാരം കേരളപാണിനീയത്തിൽ—സി. വി. സുധീർ ... 203
15. വ്യവഹാരാപഗ്രഥനത്തിന്റെ നാൾവഴികൾ—മരിയ പോൾ ... 232

Scanned with CamScanner

16. ലീലാതിലകകാരന്റെയും ജോർജ്ജ് മാത്തന്റെയും ഭാഷാ സങ്കല്പങ്ങൾ—സോമനാഥൻ പി. ... 239
17. എ. ആറും ഭാഷാപഠനത്തിന്റെ രാഷ്ട്രീയവും —പ്രകാശൻ പി. പി. ... 253
18. വാക്യഘടനയും ആകാങ്ക്ഷയും—സൂര്യ പി. ... 271
19. പദസങ്കല്പനം: പ്രസക്തിയും വെല്ലുവിളിയും —ഹേന ചന്ദ്രൻ ... 278
20. മലയാളവ്യാകരണത്തിലെ സാങ്കേതികപദങ്ങളുടെ പരിണാമപഠനം—രീതിശാസ്ത്രചർച്ച—സീന ജോൺ ... 284
21. മലയാളം: ജീവിതവും മരണവും—സുനിൽ പി. ഇളയിടം ... 294
22. മലയാളഭാഷ: പദവികൾ, പ്രതിസന്ധികൾ —വി.പി. മാർക്കോസ് ... 313
23. ഭാഷയ്ക്കുവേണ്ടിയുള്ള സമരങ്ങൾ—മുഹമ്മദ് ഷാഫി ... 319
24. മലയാളത്തിലെ ഭാഷാസൂത്രണപ്രക്രിയകൾ —നജ്ന മച്ചിങ്ങൽ ... 324
25. ഭാഷാസൂത്രണത്തിന്റെ മലയാളവഴികളിലെ ഗുണ്ടർട്ട് —ദിവ്യ വി. ... 337
26. ശ്രേഷ്ഠഭാഷാപദവിയും മലയാളത്തിന്റെ ഭാവിയും —സുരേഷ് പുത്തൻപറമ്പിൽ ... 350
27. ഭാഷാപരിസ്ഥിതിയുടെ വർത്തമാനവും ആദിവാസി മൊഴികളും—ജോസഫ് കെ. ജോബ് ... 359
28. മലയാളഭാഷയും കീഴാളസ്വത്വരൂപീകരണവും —സജിത കെ. ആർ. ... 366
29. അട്ടപ്പാടി കുറുമ്പഭാഷ: ഹരിതഭാഷാശാസ്ത്രവീക്ഷണം —സംപ്രീത ... 379
30. ഗോത്രജനതയും ഭാഷയും—എം. ബി. മനോജ് ... 389
31. കീഴാളവ്യവഹാരത്തിലെ വാക്യാപഗ്രഥനം —ലസിത കെ.വി. ... 398
32. ഇ-മലയാളത്തിന്റെ വർത്തമാനം—സുനീത ടി. വി. ... 406
33. സൈബർ മലയാളഭാഷ—ചരിത്രവും പ്രസക്തിയും —സജി കരിങ്ങോല ... 414
34. മലയാളം സാങ്കേതികത: ആൻഡ്രോയിഡ് മലയാളം —അലക്സാണ്ടർ ജോൺ ... 420
35. മലയാളഭാഷയുടെ പരിണാമവും നവഭാഷാമാധ്യമങ്ങളും —സൗമ്യാ പോൾ ... 425
36. ഭാഷാസാങ്കേതികതയും ഭാഷാശാസ്ത്രപഠനവും —മഹേഷ് മംഗലാട്ട് ... 439

ലേഖകർ ... 447

Scanned with CamScanner

35. മലയാളഭാഷയുടെ പരിണാമവും നവഭാഷാമാധ്യമങ്ങളും

സൗമ്യാ പോൾ

ആമുഖം

സഹസ്രാബ്ദങ്ങളിലൂടെ മനുഷ്യൻ നേടിയെടുത്ത ഏറ്റവും വലിയ സമ്പത്താണ് ഭാഷ. ആർജ്ജിതവൃത്തിയായ ഭാഷയിലൂടെ അവൻ സഹ ജീവികളോടും തലമുറകളോടും സംവദിക്കുന്നതിനാൽ മനുഷ്യസമൂഹ ത്തിന്റെ ഉദ്ഭവം മുതൽ ഇന്നുവരെയുള്ള പരിണാമകാലഘട്ടങ്ങളിൽ സുപ്ര ധാന ഘടകമായി ഭാഷ വർത്തിക്കുന്നു. ഒരു വ്യക്തി തന്റെ പ്രവൃത്തികൾ, വികാരങ്ങൾ, സുഖ-ദുഃഖങ്ങൾ, ആശകൾ, നിരാശകൾ, ബൗദ്ധിക-ആത്മീ യ-സാങ്കേതിക ചിന്തകൾ, കാഴ്ചപ്പാടുകൾ തുടങ്ങി മനുഷ്യജീവിതവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഗ്രഹിക്കുന്നതും ഗ്രഹിപ്പിക്കുന്നതും താൻ സ്വായത്തമാക്കിയ ഭാഷയിലൂടെയാണ്. മനുഷ്യർ സമൂഹമായി ജീവിച്ചതിന്റെ ഫലമായി ഉടലെടുത്ത സംസ്കാരം തലമുറകളിൽനിന്നും തലമുറകളിലേക്കു വ്യാപിക്കുന്നതും ഈ ഭാഷയിലൂടെയാണെന്നതിൽ ഭിന്നപക്ഷമില്ല. തിര്യക്കു കളിൽനിന്നു ഭിന്നമായി സംസ്കാരസമ്പന്നനായ വ്യക്തിയായി മനുഷ്യനെ മാറ്റിയത് ഭാഷയായതിനാലാണ് സാമൂഹികജീവിതത്തിലെ പ്രധാന ഘട കവും മാനവചരിത്രത്തിലെ നാഴികക്കല്ലുമായി ഭാഷയെ നാം വിലയിരുത്തു ന്നത്.

സമൂഹത്തിലുണ്ടാകുന്ന ഏതൊരു ചലനവും ഭാഷയിലും പരിവർത്ത നങ്ങൾ സൃഷ്ടിക്കുമെന്നതിനുള്ള തെളിവാണ് നവമാധ്യമങ്ങളിലെ ഭാഷ. ജനതയുടെ സ്വത്വബോധത്തിന്റെയും സംസ്കാരത്തിന്റെയും അടയാളമായ ഭാഷയെ നവമാധ്യമങ്ങൾ പുതിയ രൂപഭാവങ്ങൾ നൽകിയാണ് ആശയവി നിമയത്തിനുപയോഗിക്കുന്നത്. അക്ഷരങ്ങളും അക്ഷരങ്ങൾ ചേർന്നുണ്ടാ കുന്ന വാക്കുകളും മാത്രമല്ല, സിംബൽസും അക്കങ്ങളും ഗ്രാഫിക്സു മൊക്കെ ആശയവിനിമയത്തിനുള്ള ഉപാധികളാകുന്നത് നാം തിരിച്ചറിയുന്നു. ഇതിലൂടെ പുതിയൊരു മാധ്യമസംസ്കാരം രൂപപ്പെടുകയും പുതിയ പാഠ ങ്ങൾ ഉരുത്തിരിഞ്ഞുവരികയുംചെയ്യുന്നു (ജോഷി വർഗീസ്, ജോസ് കെ.

Scanned with CamScanner

മാനുവൽ (എഡി.) 2014, പുറം 277) ഈ പുതിയ പാഠങ്ങളാണ് നവമാധ്യമ ഭാഷ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്കൃതത്തിന്റെയും ദ്രാവിഡത്തിന്റെയും സംസർഗ്ഗ-സമന്വയഫലമായി രൂപംകൊണ്ട മലയാളഭാഷയിലും ഈ നവമാധ്യമസ്വാധീനം ദൃശ്യമാണ്. വിശേഷവ്യവഹാരമായി (വരമൊഴിയായി) സാഹിത്യത്തിലും സാമാന്യവ്യവഹാരമായി (വാമൊഴിയായി) നിത്യജീവിതത്തിലും നിലകൊണ്ട മലയാളഭാഷയിൽ എന്തു സ്വാധീനമാണ് നവമാധ്യമങ്ങൾ ചെലുത്തുന്നതെന്ന് നിരീക്ഷിക്കുന്നത് കേരളഭാഷയുടെ വളർച്ച-തളർച്ചകളെ സസൂക്ഷ്മം വീക്ഷിക്കുന്നവർക്ക് ഏറെ താല്പര്യമുള്ള വസ്തുതയാണ്. വ്യക്തികളുടെ പുരോഗതിക്കും ഉന്നമനത്തിനും മാർഗ്ഗദർശിയായ ഭാഷയിൽ നവമാധ്യമങ്ങൾ തീർത്ത വ്യവഹാരങ്ങളെയും പ്രയോഗത്തിലും എഴുത്തിലും ഭാഷയ്ക്കുണ്ടായ പരിവർത്തനങ്ങളെയും ഗൗരവപൂർവ്വം ഈ പ്രബന്ധം പഠനവിധേയമാക്കുന്നു. ഇത്തരമൊരു പഠനം നടത്തുന്നതിനുമുമ്പ് മലയാളഭാഷയുടെ വളർച്ചയുടെ നാളുകൾ ചുരുക്കമായി പ്രതിപാദിക്കുന്നത് ഏറെ പ്രയോജനപ്രദമാണ്.

മലയാളഭാഷയുടെ പരിണാമങ്ങൾ

"സഹ്യപർവതത്തിനു പടിഞ്ഞാറുള്ള ഭൂവിഭാഗത്തെ കേരളമെന്ന പേരിലാണ് ഇൻഡോ-ആര്യൻഭാഷകളിലും ആദ്യകാല വിദേശസഞ്ചാരികളുടെ കുറിപ്പുകളിലും പരാമർശിച്ചിട്ടുള്ളത്," (നടുവട്ടം ഗോപാലകൃഷ്ണൻ, 2012, പുറം 1). അതുകൊണ്ട് അക്കാലത്തെ കേരളഭാഷ പൂർവ്വമലയാളഭാഷയാണെന്ന് അനുമാനിക്കാം. കാലത്തിനനുസരിച്ചു ഭാഷയിലുണ്ടായ മാറ്റങ്ങൾ വഴിയാണ് പ്രാചീനമലയാളം ഇന്നു നാം കാണുന്നതുപോലെ ഒരു പുതുവഴിയിലെത്തിച്ചേർന്നിരിക്കുന്നത്. 'മാനവസംസ്കാര പുരോഗതിയുടെ കുതിച്ചുചാട്ട'മായി വാഴ്ത്തപ്പെടുന്ന അച്ചടിയിലൂടെ വിനോദത്തിനും വിജ്ഞാനത്തിനും സമൂഹപരിഷ്കരണത്തിനുമെല്ലാംവേണ്ടി രചിക്കപ്പെട്ടിട്ടുള്ള ഗദ്യ-പദ്യകൃതികൾ മലയാളഭാഷയിലുളവാക്കിയ ചലനങ്ങൾ വിലയിരുത്തുന്നത് ഏറെ അനുപേക്ഷണീയമാണ്.

1. ഗദ്യസാഹിത്യത്തിലുണ്ടായ ഭാഷാപരിണാമങ്ങൾ

"ക്രി. വ. ഒമ്പതാം നൂറ്റാണ്ടോടുകൂടിയാണ് കേരളത്തിലെ മാതൃഭാഷയായ മലയാളം ഉരുത്തിരിഞ്ഞുവന്നതെന്ന കാഴ്ചപ്പാടാണ് മിക്ക സാഹിത്യചരിത്രകാരന്മാരും വ്യാകരണകർത്താക്കളിൽ ഏറെപ്പേരും പുലർത്തിയിട്ടുള്ളത്" (അതേ പുസ്തകം, പുറം 4). തമിഴ്-മലയാളം ഭാഷകൾക്ക് പൊതുവായൊരു പൂർവ്വകാലം ഉണ്ടായിരുന്നുവെന്ന വസ്തുത ഏവരും ഇപ്പോൾ അംഗീകരിക്കുന്നുണ്ട്. ബി.സി. 300 കാലഘട്ടങ്ങളിൽ ഉണ്ടായതെന്ന് അനുമാനിക്കുന്ന അശോകചക്രവർത്തിയുടെ രണ്ടാം ശാസനത്തിലെ 'കേതലപുത' എന്ന പദം കേരളമെന്ന ഭൂവിഭാഗത്തെ സൂചിപ്പിക്കുന്നതാകയാലും 'കേരളം' എന്ന വാക്ക് മലയാളമായതുകൊണ്ടും ഏറ്റവും പഴയ കേരളസൂചന

Scanned with CamScanner

ഈ രേഖയിലാണെന്നു കരുതപ്പെടുന്നു. ആദ്യകാല വിദേശസഞ്ചാരികളുടെ കുറിപ്പുകളും സംഘകൃതികളും പൂർവ്വകേരളഭാഷയുടെ അസ്തിത്വം വ്യക്തമാക്കുന്നുവെങ്കിലും ഗൗരവപ്പെട്ട വിഷയങ്ങളുടെ മാധ്യമമാകാൻ തക്കവണ്ണം കേരളത്തിലെ വ്യവഹാരഭാഷ രൂപപ്പെടുന്നതിന്റെ ആദ്യദൃഷ്ടാന്തം ലിഖിതങ്ങളും, ഭാഷാകൗടലീയം, ആട്ടപ്രകാരം ക്രമദീപിക തുടങ്ങിയ കൃതികളുമാണ്" (അതേ പുസ്തകം, പുറം 47) എന്ന ഡോ. നടുവട്ടം ഗോപാലകൃഷ്ണന്റെ നിരീക്ഷണം എപ്പോഴാണ് മലയാളം തനതായ സ്വത്വം കൈവരിച്ചതെന്ന് വ്യക്തമാക്കുന്നു. 9-ാം നൂറ്റാണ്ടു മുതൽ 11-ാം നൂറ്റാണ്ടുവരെയുള്ള കാലങ്ങളിലുണ്ടായ വാഴപ്പള്ളി ശാസനം, തരിസാപ്പള്ളി ചെപ്പേട് തുടങ്ങിയ ഇരുനൂറോളം പ്രാചീനലിഖിതങ്ങളും 10, 11 നൂറ്റാണ്ടുകളിൽ കേരളത്തിലുണ്ടായ കൂത്ത്, കൂടിയാട്ടം, പാഠകം തുടങ്ങിയ കലകളിലെ ഗദ്യവും പ്രബന്ധങ്ങളും മണിപ്രവാളസാഹിത്യത്തോടൊപ്പം രൂപംകൊണ്ട *ബ്രഹ്മാണ്ഡപുരാണം*, *ദൂതവാക്യം*, *അംബരീഷോപാഖ്യാനം*, *നളോപാഖ്യാനം* തുടങ്ങിയ കൃതികളും ഗദ്യസാഹിത്യത്തിൽ പിറന്ന മറ്റു പ്രാചീനകൃതികളും മലയാളഭാഷയുടെ പ്രാചീനത തെളിയിക്കുന്നതിനുള്ള ദൃഷ്ടാന്തങ്ങളാണ്.

മലയാളഭാഷയിൽ തുടർന്നുണ്ടായ പത്രമാസികകൾ ഭാഷാപരിണാമത്തിന്റെ സാക്ഷ്യപത്രങ്ങളാണ്. മലയാളഭാഷയിലെ ഒന്നാമത്തെ ആനുകാലികപ്രസിദ്ധീകരണമായ 'രാജ്യസമാചാരം', സാഹിത്യമാസികയായ 'വിദ്യാവിലാസിനി', അച്ചടിയന്ത്രം വഴി പുറത്തിറങ്ങിയ ആദ്യപത്രികയായ 'വിദ്യാസംഗ്രഹം', പ്രഥമ വിദ്യാഭ്യാസമാസികയായ 'ഉപാദ്ധ്യായൻ' എന്നു തുടങ്ങി നവസാങ്കേതികവിദ്യയിലൂടെ നാം പാരായണംചെയ്യുന്ന ഇ-ജേണൽ വരെ പത്രമാസികകൾക്കുള്ളിൽ മലയാളഭാഷയ്ക്കുണ്ടായ പരിണാമങ്ങളാണ് തെളിയിക്കുന്നത്. മലയാളഭാഷയിലുണ്ടായ ആദ്യകാല സാഹിത്യകൃതികൾ പ്രത്യേകിച്ചും വിവർത്തനകൃതികൾ, 'വാസനാവികൃതി' മുതലുള്ള ചെറുകഥകൾ, *കുന്ദലത*യിലാരംഭിക്കുന്ന നോവലുകൾ, ഭാഷയ്ക്ക് തനതായ നിലനില്പുണ്ടായ കാലം മുതൽ എഴുതിപ്പോരുന്ന ആത്മകഥകൾ, ജീവചരിത്രങ്ങൾ, നാടകങ്ങൾ, ഉപന്യാസങ്ങൾ തുടങ്ങിയുള്ള ഇതരസാഹിത്യരൂപങ്ങളിലെ ഭാഷകൾ എന്നിങ്ങനെ നവസാങ്കേതികവിദ്യയുടെ ഫലമായി ഇന്റർനെറ്റിലൂടെ പ്രചരിക്കുന്ന ഗദ്യകൃതികളായ ഇ-സാഹിത്യം വരെ മലയാളഭാഷയുടെ കാലക്രമേണയുള്ള മാറ്റങ്ങളെ അടയാളപ്പെടുത്തുന്ന ലിഖിതങ്ങളാണ്.

2. പദ്യസാഹിത്യത്തിലുണ്ടായ ഭാഷാപരിണാമങ്ങൾ

പാട്ട്, മണിപ്രവാളം എന്നീ സാഹിത്യവഴികളിലൂടെ രൂപപ്പെട്ട കൃതികളെയാണ് പ്രധാനമായും പദ്യസാഹിത്യമെന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഭാഷ സമസ്തലോകത്തിന്റെയും സാമാന്യവ്യവഹാരമാകയാൽ ആഹ്ലാദകരമായ ഭാഷാപ്രമേയമായി ഇരുചേരിയിൽനിന്നും രൂപപ്പെട്ട കൃതികൾ, പച്ച മലയാളകൃതികൾ, സംസ്കൃതപദബഹുലവും സംസ്കൃതപദവിരളവുമായ കൃതികൾ, മാപ്പിളപ്പാട്ടുകൾ, വിനോദത്തിനും തൊഴിൽഭാരം കുറയ്ക്കുന്ന

Scanned with CamScanner

തിനുംവേണ്ടി പാടുന്ന നാടൻപാട്ടുകൾ മുതൽ മഷിയും പേനയും പ്രസാധകനും ആവശ്യമില്ലാതെ സമയ-സൗകര്യപരിമിതികളില്ലാതെ യഥേഷ്ടം കവിതകൾ വായിക്കാനും എഴുതാനും കഴിയുന്ന നവസാങ്കേതികവിദ്യയുടെ കാലത്തു രൂപപ്പെടുന്ന ഓരോ പദ്യകൃതികൾവരെയും മലയാളഭാഷയ്ക്കുണ്ടായ പരിണാമത്തിന്റെ ആവിഷ്കാരരൂപങ്ങളായി കരുതാം.

ചുരുക്കത്തിൽ, ഗദ്യസാഹിത്യത്തിലും പദ്യസാഹിത്യത്തിലും നാളിതുവരെ ഉണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ ഓരോ കൃതികളെയും നാം വിശകലനംചെയ്യുമ്പോൾ മലയാളഭാഷയ്ക്കുണ്ടായ മാറ്റങ്ങളുടെ സാക്ഷ്യപത്രങ്ങളാണ് ഈ കൃതികളോരോന്നുമെന്ന് നിസ്സംശയം പറയാം.

നവമാധ്യമങ്ങളും ഭാഷയും

വിവരസാങ്കേതികരംഗത്തുണ്ടായ പരീക്ഷണങ്ങളും കണ്ടെത്തലുകളുമാണ് മാധ്യമലോകത്തുണ്ടായ വളർച്ചയ്ക്കു വഴികാട്ടിയായിത്തീർന്നത്. തന്നെയുമല്ല, മനുഷ്യജീവിതവുമായി ബന്ധപ്പെട്ട വിദ്യാഭ്യാസം, വികസനം, തൊഴിൽ, പരിസ്ഥിതി, ആരോഗ്യം തുടങ്ങി സമസ്തമേഖലകളിലും ജീവിതശൈലിയിലും സ്വഭാവരൂപീകരണത്തിലും നവമാധ്യമങ്ങൾ സ്വാധീനം ചെലുത്തുന്നുണ്ട്. അനുദിനജീവിതത്തിലും സാങ്കേതികവിദ്യയുടെ അനാവശ്യ കുത്തിത്തിരുകലുകൾ നടക്കുന്നു എന്ന ഡോലിക്കിന്റെയും സിക്കിന്റെയും നിരീക്ഷണം മുൻപറഞ്ഞ കാര്യങ്ങളെ സമർത്ഥിക്കുന്നതാണ്. ആശയപ്രകാശനത്തിനുള്ള ഉപാധിയെന്ന നിലയിലും ആത്മപ്രകാശനത്തിന് എഴുത്തുകാരനും വസ്തുതകൾ/ആശയങ്ങൾ ഗ്രഹിക്കുന്നതിന് വായനക്കാരനും തിരഞ്ഞെടുക്കുന്ന മാധ്യമം എന്ന നിലയിലുമെല്ലാം ഭാഷ മനുഷ്യരോടൊപ്പമുണ്ട്. മനുഷ്യർ സമൂഹമായി ജീവിച്ചതിന്റെ ഫലമായി രൂപം കൊണ്ട ഭാഷ കാലാനുസൃതമായി സമൂഹത്തിലുണ്ടാകുന്ന ഓരോ മാധ്യമങ്ങളിലും പ്രത്യക്ഷപ്പെടുന്നുണ്ട്. റേഡിയോ, ടെലിവിഷൻ, ടെലിഫോൺ എന്നീ ആധുനികമാധ്യമങ്ങളും കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഇ-മെയിൽ, മൊബൈൽ ഫോൺ തുടങ്ങിയ ആധുനിക വിവര സാങ്കേതിക ഉപകരണ-ഉത്പന്നങ്ങളുമെല്ലാം നവമാധ്യമങ്ങൾ എന്ന പേരിലാണ് വ്യവഹരിക്കപ്പെടുന്നത്. ഭാഷയുടെ ഘടനയിലും ഭാഷാരൂപത്തിലും മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടർ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ, ടാബ്, ഐപാഡ്, ടാബ്‌ലറ്റ് എന്നിവയാൽ ചെയ്യപ്പെട്ട നവഭാഷാമാധ്യമസാദ്ധ്യതകളുടെ ഡിജിറ്റൽ യുഗത്തിലാണ് നാമെത്തിയിരിക്കുന്നത്. ഈ മാധ്യമങ്ങൾ നമ്മുടെ വായനയെയും എഴുത്തിനെയും സ്വാധീനിക്കുന്നുണ്ട്. അതുകൊണ്ട് നൂതന സാങ്കേതികവിദ്യയിലൂന്നിയ ഇന്റർനെറ്റധിഷ്ഠിത വായനാസംസ്കാരത്തെയും നമുക്ക് നവഭാഷാമാധ്യമങ്ങളെന്നു വിളിക്കാം.

കമ്പ്യൂട്ടർ നെറ്റ്‌വർക്കുകളെ തമ്മിൽ കൂട്ടിയോജിപ്പിക്കുന്ന വേൾഡ് വൈഡ് വെബിലൂടെ സ്ഥലസമയപരിമിതികളെ അതിലംഘിച്ചുകൊണ്ട്

Scanned with CamScanner

വിജ്ഞാനവും വിനോദവും അറിവുകളും പങ്കുവയ്ക്കുന്ന ഇടമായി നവ മാധ്യമങ്ങൾ മാറി. ഇത്തരമൊരു സ്ഥിതിവിശേഷത്തിൽ വ്യക്തികൾ കാര്യ ങ്ങൾ അറിയാനും അറിയിക്കാനും തെരഞ്ഞെടുക്കുന്നത് ഈ നവമാധ്യമ ങ്ങളെത്തന്നെയാണ്. അതിനുവേണ്ടി ഇന്റർനെറ്റ്, മൊബൈൽ ഫോൺ, സി.ഡി. റോം, ഇ-ബുക്കു റീഡറുകൾ തുടങ്ങിയ നവമാധ്യമങ്ങളെ ആധുനിക സമൂഹം ആശയപ്രകാശനത്തിനുള്ള വഴികാട്ടിയായി തെരഞ്ഞെടുക്കുകയും ചെയ്തു. ഇന്റർനെറ്റ് അധിഷ്ഠിതമായ നവലോകം കടന്നുവന്നതോടെ അച്ചടി രൂപത്തിലുള്ള പുസ്തകങ്ങളും പത്രമാസികകളും മറികടന്ന് മഷിയും പേനയും പ്രസാധകനും ആവശ്യമില്ലാത്ത, സമയ-സൗകര്യ പരിമിതികളി ല്ലാതെ യഥേഷ്ടം ഭാഷ കൈകാര്യംചെയ്യാവുന്ന ഒരു കല്പിതനവലോക ത്തിലാണ് നാമെത്തിച്ചേർന്നിരിക്കുന്നത്. "ബ്ലോഗെഴുത്തെന്നപോലെ ബ്ലോഗ് വായനയും പ്രാധാന്യമുള്ളതാണ്. ആയതിനാൽ അനുവാചകന്റെ ഇഷ്ട പ്രകാരം വായനയുടെ രീതിയും ചിട്ടപ്പെടുത്താം. അക്ഷരത്തിന്റെ വലുപ്പം, പശ്ചാത്തലവർണ്ണം, ചിത്രം എന്നിവ യുക്തമായ രീതിയിൽ തനിക്കി ണങ്ങുംവിധം ക്രമീകരിക്കാം. ഓരോ പ്രാവശ്യവും ഓരോ ഘടനയിൽ വായി ക്കാം. അതായത്, വായനക്കാരൻ തന്റെ സാമ്രാജ്യത്തിന്റെ അധിപനാകുന്ന സ്വാതന്ത്ര്യം ഇവിടെ ഏറെ മാറ്റങ്ങൾക്കു തുടക്കമിട്ടു." (സജിത് ജോസഫ്, ജോസ് കെ. മാനുവൽ (എഡി.) 1014). വിവരസാങ്കേതികവിദ്യയുടെ ഇടപെ ടൽ സമൂഹത്തിലാകമാനം വ്യാപിച്ചതോടെ കമ്പ്യൂട്ടർ പ്രവർത്തനങ്ങളെക്കു റിച്ച് അറിയുന്നവർ, അറിയാത്തവർ എന്നിങ്ങനെ തിരിവുകളുണ്ടായി. വിക സ്വര-വികസിതരാജ്യങ്ങളിൽപ്പോലും കമ്പ്യൂട്ടർ അറിവിനെ മുൻനിർത്തി ഡിജിറ്റൽ അസമത്വങ്ങൾ നിലനില്ക്കുന്നുണ്ടെന്നതും നാമറിഞ്ഞിരിക്കേണ്ട വസ്തുതയാണ്.

വിവരസാങ്കേതികവിദ്യയുടെ ഫലമായി രൂപപ്പെട്ട വായനാസംസ്കാര ത്തെയാണല്ലോ 'ഇ-വായന' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇതിൽ കമ്പ്യൂട്ടറും അത്യാധുനിക മൊബൈൽഫോണുംവഴി അസംഖ്യം ഇന്റർനെറ്റ് പേജുകൾ പരതുന്നതു മാത്രമല്ല ഉദ്ദേശിക്കുന്നത്. പുസ്തകങ്ങൾ വായിക്കാൻ മാത്രമുള്ള കിൻഡിൽ വിങ്ക് തുടങ്ങിയ ഇ-ബുക്ക് റീഡറുകളും ഒരു പുസ്ത കത്തിന്റെയത്ര വസ്ക്രീൻ വിസ്താരമുള്ള ടാബ്ലറ്റ് ഫോണുകളും ഇന്നു വായനയുടെ പരമ്പരാഗതധാരണകളെ അട്ടിമറിച്ചുകൊണ്ടിരിക്കുന്നു (ആദർശ് 2011: 5). അതുകൊണ്ട് നവമാധ്യമങ്ങൾ ഭാഷയെ എങ്ങനെ സ്വാധീനിക്കു ന്നുവെന്നു മനസ്സിലാക്കി സ്വാഗതാർഹമായ പ്രയോഗങ്ങളെ ഉൾക്കൊള്ളു കയും വികലപ്രയോഗങ്ങളെ ഒഴിവാക്കുകയും ചെയ്യേണ്ടതാണ്. ഭാഷ പരി വർത്തനവിധേയമാണെങ്കിലും അവയുടെ ജീവൻ ചോർന്നുപോകാതെ കരു തേണ്ടത് ഭാഷ പ്രയോഗിക്കുന്നവരും ഭാഷാപഠിതാക്കളും ഭാഷാപ്രണയിക ളുമാണ്.

Scanned with CamScanner

സോഷ്യൽ നെറ്റ്വർക്കുകൾക്കൊരാമുഖം

എൺപതുകളിൽ ഇന്റർനെറ്റിന്റെ കടന്നുവരവോടെ ലോകത്തിലേതു കോണിലിരുന്നും ഏതു വിഷയത്തെക്കുറിച്ചും സമയ-സ്ഥലപരിധിയില്ലാതെ സംവദിക്കാവുന്ന ഒരവസ്ഥാവിശേഷം നിലവിൽവന്നു. ഓൺലൈൻ വായനാസംസ്കാരം പരിചയപ്പെടുത്തിയ വെബ്സൈറ്റുകളെയാണ് സോഷ്യൽ നെറ്റ്വർക്കിംഗ് രംഗത്തെ തുടക്കക്കാരെന്ന് വിലയിരുത്തപ്പെടുന്നത്. സി.ഡി.ഡി. കമ്മ്യൂണിക്കേഷൻ എന്ന സ്ഥാപനം തങ്ങളുടെ ആശയങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനുവേണ്ടി 1984-ൽ പുറത്തിറക്കിയ 'കൾട്ട് ഓഫ് ദ ഡെസ്കൗ' എന്ന മാസികയാണ് ആദ്യ ഓൺലൈൻ മാസിക. മലയാളത്തിലെ ആദ്യ ഓൺലൈൻ മാസിക 2005-ൽ പുറത്തിറങ്ങിയ 'പുഴ.കോം'. 1997-ലാണ് ലോകത്തിലെ ആദ്യ സോഷ്യൽ നെറ്റ്വർക്കായ 'സിക്സ്ഡിഗ്രീസ്.കോം' രംഗത്തെത്തിയത്. തുടർന്ന് കോളജ്-സ്കൂൾതല വിദ്യാർത്ഥികളെ കൂട്ടിയിണക്കുന്നതിനായി 'ക്ലാസ്മേറ്റ്സ്.കോം' രൂപംകൊണ്ടു.

അറിവുകളും അനുഭവങ്ങളും സൗഹൃദങ്ങളും പങ്കുവയ്ക്കുന്നതിനായി ധാരാളം സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകളും വെബ്സൈറ്റുകളും കാലത്തിനനുസരിച്ച് രൂപപ്പെടുന്നുണ്ട്. ഇപ്രകാരം രൂപപ്പെടുന്ന മാധ്യമങ്ങളുടെ സ്വഭാവസവിശേഷതകൾക്കനുസരിച്ച് അവയെ ഡിജിറ്റൽ, ഇന്ററാക്ടീവ്, ഹൈപ്പർ ടെക്സ്റ്റുവൽ, വിർച്വൽ, നെറ്റ്വർക്ക്ഡ്, സിമുലേറ്റഡ് എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. സ്വന്തമായി ഇ-മെയിൽ ഉള്ള ആർക്കും ഈ നവമാധ്യമങ്ങളിൽ ഇടംനേടാനും സമയമനുസരിച്ച് ഇതരരോടു സംവദിക്കാനും ഈ സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ സൗകര്യമൊരുക്കുന്നുണ്ട്.

സംഗീതത്തിനും വിനോദത്തിനും പ്രാധാന്യം നൽകുന്ന 'മൈസ്പേസ്', മൈക്രോ ബ്ലോഗിംഗ് സൈറ്റായ 'ട്വിറ്റർ', ചൈനയിൽ ഏറെ പ്രശസ്തമായ 'ക്യുക്യു പ്രൊഫഷണൽ', ജനങ്ങളെ കൂട്ടിയിണക്കുന്ന 'ലിങ്ക്ഡ്ഇൻ', ഇന്ത്യയിലും ബ്രസീലിലും ഏറെ ഉപഭോക്താക്കൾ ഉണ്ടായിരുന്ന 'ഓർക്കൂട്ട്', ജീവിതത്തിലെ എല്ലാ അവസ്ഥകളെയും ഏറെ തന്മയത്വത്തോടെ കൈകാര്യം ചെയ്യുന്നതിനാൽ ജനപ്രിയമായിത്തീർന്ന ഫേസ്ബുക്ക്, 140 വാക്കുകളുപയോഗിച്ച് സമകാലികസംഭവങ്ങളോടു പ്രതികരിക്കാവുന്ന ട്വിറ്റർ, വീഡിയോകളും സന്ദേശങ്ങളും 8 അക്ക നമ്പറിലൂടെ ബന്ധിപ്പിക്കുന്ന സ്കൈപ്പ്, ആർക്കും സാഹിത്യസൃഷ്ടിയിലേർപ്പെടാനും മറ്റു കൃതികളോടു പ്രതികരിക്കാനും പൂർണ്ണസ്വാതന്ത്ര്യം നല്കുന്ന ഇ-സാഹിത്യം അഥവാ ബ്ലോഗ് സാഹിത്യം എന്നീ ഓരോ സൈറ്റുകളും നവഭാഷാലോകത്തിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളായാണ് നാം കാണുന്നത്. "സാമൂഹിക സ്വീകാര്യമായ ഭാഷയിലും അർത്ഥത്തിലും രാഷ്ട്രീയ-സാമൂഹിക വിഷയങ്ങൾക്കുമേൽ വ്യക്തിക്കു സംവദിക്കാനുള്ള രാഷ്ട്രീയമണ്ഡലമായും, പ്രോത്സാഹിപ്പിക്കാനും വിമർശിക്കാനും, എതിർപ്പുകൾ പങ്കുവയ്ക്കാനുമുള്ള ഒരു തുറന്ന സംവാദമണ്ഡലമായും സൈബർമാധ്യമങ്ങൾ മാറി" (കലേഷ് എം., ജോസ് കെ. മാനുവൽ, (എഡി.) 2014 പു. 287). ഈ നവമാധ്യമങ്ങൾ ഭാഷയെ/

Scanned with CamScanner

മലയാളഭാഷയെ എപ്രകാരമാണ് പ്രയോഗിച്ചിരിക്കുന്നതെന്നുള്ള അന്വേ
ഷണം ഇക്കാലത്ത് അനിവാര്യമാണ്.

മൊബൈൽ ഫോൺ ഭാഷ

അമേരിക്കക്കാരനായ ഡോ. മാർട്ടിൻ കൂപ്പർ മൊബൈൽ ഫോണിന്റെ പൂർവ്വമാതൃക നിർമ്മിച്ചപ്പോൾ കാലഘട്ടത്തിന്റ മാറ്റങ്ങളെ ഉൾക്കൊണ്ട് ഏതു രൂപവും ഭാവവും കൈവരിക്കാൻ ഈ മാധ്യമത്തിനു കഴിയുമെന്ന് അദ്ദേഹം കരുതിയില്ലായിരിക്കാം. ഇൻഫർമേഷനും എന്റർടെയിൻമെന്റും കൂട്ടിയിണക്കി ഇൻഫോചെയിൻമെന്റ് സംസ്കാരവും ഒരു കാർണിവൽ സംസ്കാരവും മൊബൈൽഫോൺ സമൂഹത്തിനു പ്രദാനംചെയ്യുന്നു. എന്നാൽ ഇതിലുപ യോഗിക്കുന്ന ഭാഷ എന്നത് പ്രധാനമായും ഇംഗ്ലീഷോ, ഇംഗ്ലീഷ് ലിപികള ണിഞ്ഞ തദ്ദേശഭാഷകളോ ശബ്ദബിംബങ്ങളോ റോമൻ ലിപികൾ ചേർത്തുള്ള അർത്ഥസങ്കേതചിഹ്നങ്ങളോ ശബ്ദചിത്രങ്ങളോ എന്നിങ്ങനെ ആൾക്കൂട്ടസംസ്കാരത്തിൽനിന്നു രൂപപ്പെട്ട ഭാഷയോ ആണ് ഇവിടെല്ലാം കാണാൻകഴിയുന്നത്. മൊബൈൽ ഫോൺ ഒരു മാധ്യമം മാത്രമായി നിന്നു കൊണ്ട് ഇന്റർനെറ്റധിഷ്ഠിത മാധ്യമക്കൂട്ടങ്ങൾതന്നെയാണ് ഇവയിൽ കർത്തൃത്വം നടത്തുന്നത്.

ഇ-സാഹിത്യഭാഷ/ബ്ലോഗ് ഭാഷ

അറിയുക-അറിയിക്കുക എന്ന ജന്മസിദ്ധവികാരങ്ങളുടെ പൂരണമാണ് വായിക്കുക-എഴുതുക എന്ന പ്രക്രിയയിൽ നടക്കുന്നത്. ഏതൊരു വ്യക്തിക്കും ആഗോളതലത്തിൽ വായനയ്ക്കും എഴുത്തിനുമുള്ള വിശാല വാതായനങ്ങൾ തുറന്നിടുന്ന നവമാധ്യസാദ്ധ്യതകളിലൊന്നാണ് ബ്ലോഗ് സാഹിത്യം. എം.കെ. പോളിന്റെ 'ജാലക'മാണ് മലയാളത്തിലെ ആദ്യ ബ്ലോഗ്. തുടർന്ന് പ്രവാസികളുടെ ജീവിതം പ്രധാന വിഷയമാകുന്ന kubooks.blogs pot.in, ഹാസ്യവും ഗൗരവവും ഒരുപോലെ പ്രമേയമാകുന്ന രസികൻ, നിഷ്കളങ്കൻ ഓൺലൈൻ, കായംകുളം കുഞ്ഞാട്, കായംകുളം സൂപ്പർഫാസ്റ്റ്, പാത്തൂനും പറയാനുണ്ട് തുടങ്ങിയ ബ്ലോഗുകളും ഈ സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിക്കുന്ന രചനാ ഇടങ്ങളാണ്. കഥകളും കവിതകളും ലേഖനങ്ങളുമെല്ലാം യാതൊരു പ്രതിബന്ധങ്ങളുമില്ലാതെ ബ്ലോഗിടത്തിൽ രേഖപ്പെടുത്താനും (post) രേഖപ്പെടുത്തിയവയ്ക്കു പ്രതി കരണമറിയിക്കാനും (comment) എല്ലാം ബ്ലോഗ് ഉപഭോക്താക്കൾക്ക് സമയ-സ്ഥലഭേദമെന്യേ കഴിയുന്നതിനാലാണ് ബ്ലോഗിന് ഇത്രയധികം ജന ങ്ങൾക്കിടയിൽ ശ്രദ്ധയാകർഷിക്കാനായത്. ഇന്റർനെറ്റിന്റെ ജനപ്രീതിയും നൂതനമായ പാഠവായനശൈലികളുമാണ് ഇ-സാഹിത്യത്തിന്റെ സ്വീകാര്യ തയെ തീവ്രമാക്കിയത്. പുസ്തകത്വം (Bookness) എന്ന ആശയത്തെക്കു റിച്ചുള്ള ധാരണകളെ നിരർത്ഥകമാക്കുന്നതാണ് ഇ-ടെക്സ്റ്റ് (Shillingsburg 2006:139), പ്രസാധകൻ, ലിപി, പേജ് പ്രസാധനകാലം എന്നീ പുസ്തക

Scanned with CamScanner

ഘടകങ്ങൾ. അപ്രത്യക്ഷമായ നവസാധ്യതയാണ് ഇ-ടെക്സ്റ്റ് ഉപയോക്താ
വിനു നൽകുന്നത്. തുടിയൻ ബാബു, പ്രഹസനം, വെളിപാടുകൾ, ചിതല
രിച്ച ചിന്തകൾ, പൂക്കാലം, സങ്കല്പങ്ങൾ, ഇതൾ, കാവ്യച്ചെപ്പ് തുടങ്ങിയ
ഒട്ടധികം കവിതാബ്ലോഗുകളും കമ്പിക്കഥകൾപോലുള്ള കഥാബ്ലോഗുകളും
ഇന്റർനെറ്റിൽ കാണാൻകഴിയും.

ബ്ലോഗിലെ ഭാഷാഘടന ഏറെ പരിഗണിക്കേണ്ടതാണ്. സമൂഹത്തോ
ടുള്ള വിമർശനവും പരിഹാസവുമൊക്കെ ലളിതവൽക്കരിച്ച് ഹാസ്യത്തിന്റെ
മേമ്പൊടിയോടുകൂടി മിക്ക ബ്ലോഗുകളിലും പ്രത്യക്ഷപ്പെടുന്നത്, അച്ചടിമാ
ധ്യമത്തിന്റെ രേഖീയവായനയ്ക്കു പകരം ബ്ലോഗ്സാഹിത്യം ഒരു പുസ്ത
കത്തിൽനിന്ന് അനേകം അറിവുകളിലേക്ക് ഒരേസമയം വായിക്കാൻ വഴി
യൊരുക്കുമെന്നതിനാൽ ഒരു ചാക്രികവായനയാണ് ബ്ലോഗുകൾ പ്രദാനം
ചെയ്യുന്നതെന്നു പറയാം. ആമുഖങ്ങളൊന്നുമില്ലാതെ, അച്ചടിയോ മഷിയോ
പ്രസാധകനോ ഒന്നും ആവശ്യമില്ലാതെ ഇലക്ട്രോണിക് സ്ക്രീനിൽ നേരിട്ടു
സാഹിത്യരചന നടത്താൻ വഴിയൊരുക്കുന്ന ഈ നവമാധ്യമം പുതുതല
മുറയെ വളരെ മുമ്പോട്ടു നയിക്കുന്നു.

"ഇന്നലെ
ഭാഗ്യക്കുറി ടിക്കറ്റ്
വിറ്റു തെരുവിലലഞ്ഞവൻ
ഇന്നു പത്രക്കെട്ടുമായി
തെരുവില്
അലഞ്ഞലറുന്നു,
നാളെയാണ് നാളെയാണ്
ചൂടുള്ള വാർത്ത
നാളെയാണ്"—മഷൂദലി അണക്കച്ചേരിയുടെ പരിണാമം എന്ന കവിത
യാണിത്. ഇതിൽ ദാരിദ്ര്യം, ഭാഗ്യ-നിർഭാഗ്യങ്ങൾ, ഭാഗ്യപ്രതീക്ഷകൾ എന്നീ
വികാരങ്ങൾ തെരുവോരങ്ങളിൽ കേൾക്കുന്ന ഒച്ചപ്പാടുകളുടെ അസ്വസ്ഥത
യിലലിയുമ്പോൾ ഉണ്ടാകുന്ന വേദന കലർന്ന ചിരി എന്നീ തീവ്രവികാര
ങ്ങൾ ചുരുക്കം വാക്കുകളിലൂടെ കവി അവതരിപ്പിച്ചിരിക്കുന്നു. പൗരാണിക
കാവ്യസങ്കല്പങ്ങളെ തച്ചുടയ്ക്കുന്ന പദപ്രയോഗമാണിവിടെ ദർശിക്കാൻ
കഴിയുന്നത്. വൃത്തരാഹിത്യം, ശ്ലഥബദ്ധത, ബിംബങ്ങളുടെ ആവിഷ്കാരം
തുടങ്ങിയ നൂതനപ്രവണതകൾ കവിതയിൽ തെളിയുന്നു. ഇംഗ്ലീഷ് ഭാഷാ
പദങ്ങളുടെ പ്രയോഗവും നവബ്ലോഗ്കവിതകളിൽ കാണുന്ന മറ്റൊരു കാവ്യാ
നുശീലനമാണ്. നാലു ചതുരശ്രയടി വിസ്തീർണ്ണമുള്ള തെർമോക്കോൾ,
സ്കെച്ച് പെൻസിൽ, ബ്ലേഡ് എന്നിവ മുന്നിൽ നിരന്നപ്പോൾ പ്രോജക്ടുക
ളുടെ ടെൻഷനില്ലാതെ പാടവരമ്പിലൂടെ ഓടിനടന്നിരുന്ന ബാല്യകാലം ചുമ്മാ
ഒന്നോർത്തു. സിലബസില്ലാത്ത തുമ്പിപിടുത്തം, കാറ്റാടിമേക്കിങ്, കുഴിയാ
നയ്ക്ക് ഉറുമ്പിനെ കൊടുക്കൽ, അയലത്തെ അപ്പൂപ്പൻമാർക്ക് സർപ്രൈസിങ്

Scanned with CamScanner

ഗിഫ്റ്റ് കൊടുക്കൽ, ചാണകം കടലാസിൽ പൊതിഞ്ഞു വഴിയിലിടൽ എന്നിങ്ങനെ നീളുന്ന ജി. മനുവിന്റെ ബ്ലോഗ് കവിത ആധുനിക തലമുറയുടെ ഭാഷാപ്രയോഗബോധത്തെ പ്രതിനിധാനംചെയ്യുന്നതാണ്. സ്റ്റാറ്റസുയർത്തുന്നതിനുവേണ്ടി മലയാളത്തെക്കാളുപരി ഇംഗ്ലീഷ് പ്രയോഗിക്കുന്ന പ്രവണത ഈ സമൂഹത്തിൽ നിലനില്ക്കുന്നു എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ബ്ലോഗ് കവിതകൾ.

ഇംഗ്ലീഷ്-മലയാളപദസംയോജനം നിത്യജീവിതത്തിൽ പ്രയോഗിക്കാൻ മടിയില്ലാത്ത മലയാളിയുടെ വിശേഷവ്യവഹാരത്തിലും സംശയലേശമെന്യേ ഇത്തരം ഭാഷാപ്രയോഗങ്ങൾ അനുസ്യൂതം കടന്നുവരുന്നുണ്ട്. ഇത് മലയാളികളുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള ഇംഗ്ലീഷ് ഭാഷാഭിമുഖ്യമനോഭാവത്തെയാണ് സൂചിപ്പിക്കുന്നത്. ഇംഗ്ലീഷ്ഭാഷയ്ക്ക് മലയാളഭാഷയെ അപേക്ഷിച്ച് പ്രാധാന്യം നല്കുന്ന വർത്തമാനകാല ഭാഷാപ്രയോഗത്തെയും ഈ ബ്ലോഗ്കവിത പരിഹാസവിധേയമാക്കുന്നു.

ട്വിറ്ററിലെ ഭാഷാപ്രയോഗങ്ങൾ

മൈക്രോ ബ്ലോഗ്, കുഞ്ഞൻ ബ്ലോഗ് എന്നീ പേരുകളിലറിയപ്പെടുന്ന ട്വിറ്റർ നവമാധ്യമങ്ങൾക്കിടയിൽ വർദ്ധിച്ച സ്വാധീനംചെലുത്തുന്നുണ്ട്. 'ട്വിറ്റർ' എന്ന പദത്തിനർത്ഥം 'കിളിയുടെ കുറുകൽ' എന്നാണ്. 'കുറുകുക' എന്ന പദത്തിനർത്ഥം ചെറുതാകുക എന്നാണ്. 140 അക്ഷരങ്ങളിൽ എത്രയും രസകരമായി ശ്രദ്ധയാകർഷിക്കുംവിധം തന്റെയുള്ളിലെ ആശയം പങ്കുവയ്ക്കാനാണ് ട്വിറ്റർ ശ്രമിക്കുന്നത്.

"സാധാരണ ബ്ലോഗിൽനിന്ന് മൈക്രോബ്ലോഗിനെ വ്യത്യസ്തമാക്കുന്നത് അതിന്റെ ഉള്ളടക്കത്തിന്റെ പ്രത്യേകതയാണ്. ഒറ്റവാചകം, ഇമേജ്, പത്തു സെക്കന്റ് വീഡിയോ എന്നിങ്ങനെ ഇതിന്റെ ഉള്ളടക്കം പരിമിതപ്പെടുത്തിയിരിക്കുന്നു" (എൻ. മുരാരിശംഭു, ജോസ് കെ. മാനുവൽ (എഡി.) 2014, പുറം 330) എന്ന നിരീക്ഷണം ഏറെ ശ്രദ്ധേയമാണ്. മാത്രവുമല്ല, കലാകായിക ചലച്ചിത്രതാരങ്ങൾ എപ്പോഴും തന്റെയടുക്കലുണ്ടെന്ന തോന്നൽ ട്വീറ്റ് ചെയ്യുന്നവർക്ക് ഈ മാധ്യമം പ്രദാനംചെയ്യുന്നുമുണ്ട്.

1. INC India@incindia

"Congress President Smt. Sonia Gandhji and VP Rahul Gandhi commence their 2 day visit to flood hit Jammu and Kashmir # JK Flood Relief."

2. me Mathewkuttymani@mathewkuttymani

"If you realize that all thing change, there is nothing you will try to hold on to."

Scanned with CamScanner

ഇവ രണ്ടും ട്വിറ്ററിൽ ട്വീറ്റ് ചെയ്യപ്പെട്ട രണ്ടു സന്ദേശങ്ങളാണ്. മുകളിൽ നൽകിയിരിക്കുന്ന സന്ദേശത്തിലെ @ ചിഹ്നമാണ് ഇതുമായി ബന്ധപ്പെട്ട കൂടുതൽ വായനയിലേക്കുള്ള വിശാലലോകത്തിലേക്ക് ഉപയോക്താവിനെ എത്തിക്കുന്നത്. ഇതിലെ ഭാഷയെന്നത് ഇംഗ്ലീഷ്ഭാഷ തന്നെയായതിനാൽ ഇപ്രകാരം ട്വീറ്റ് ചെയ്യുമ്പോൾ ഉപയോക്താവിന്റെ ഇംഗ്ലീഷ്ഭാഷാപദസഞ്ചയം വർദ്ധിക്കുകയും ചെയ്യും. മാത്രവുമല്ല, റിയൽടൈം ന്യൂസ് അപ്ഡേറ്റുകൾക്ക് പ്രധാനപ്പെട്ട ഉറവിടമായി മൈക്രോബ്ലോഗിംഗ് സേവനങ്ങൾ മാറുന്നുണ്ട്.

സൈബർ സൗഹൃദകൂട്ടായ്മയും നവഭാഷാമാധ്യമങ്ങളും

ഫേസ്ബുക്ക്, വാട്സ്അപ്പ്, സ്കൈപ്പ് തുടങ്ങിയ നവമാധ്യമങ്ങളിലെ ഒത്തുചേരലിനെയാണ് സൈബർ സൗഹൃദകൂട്ടായ്മ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.) സാമൂഹികം, രാഷ്ട്രീയം, വ്യക്തിബന്ധങ്ങൾ, സാഹിത്യം, നേതൃത്വങ്ങൾ, ചിന്തകൾ, പ്രതികരണങ്ങൾ എന്നിവയെ മുന നിർത്തി രൂപപ്പെടുന്ന സാമൂഹിക സംവാദസ്ഥലങ്ങളിലൊന്നാണ് ഫേസ്ബുക്ക് എന്നു പറയാം. ഗൂഗിൾ കഴിഞ്ഞാൽ ലോകത്തിലെ ആളുകളെല്ലാംതന്നെ ഏറ്റവും കടുതൽ സന്ദർശിക്കുന്ന സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റ് ഫേസ്ബുക്കാണെന്ന് കരുതപ്പെടുന്നു. ഓരോ മാസവും ലിങ്കുകൾ, കുറിപ്പുകൾ, ഫോട്ടോകൾ, വീഡിയോകൾ എന്നിങ്ങനെ മൂവായിരംകോടി ഉള്ളടക്കങ്ങളും മുന്നൂറുകോടി ചിത്രങ്ങളും ഈ മാധ്യമത്തിലൂടെ പ്രസിദ്ധീകരിക്കപ്പെടുന്നുണ്ടെന്നു പറയാം. ഉപയോക്താവിന്റെ ആവശ്യമനുസരിച്ച് വ്യത്യസ്ത ഗ്രൂപ്പുകൾ നിർമ്മിക്കാനും താൻ പ്രസിദ്ധീകരിക്കുന്ന പോസ്റ്റുകൾ ആരെല്ലാം കാണണം/കാണരുത് എന്നു നിശ്ചയിക്കാനും ഫേസ്ബുക്ക് ഉപയോക്താവിന് അവസരം നല്കുകയും ചെയ്യുന്നു. 'വാട്സാപ്പ്' എന്ന നവമാധ്യമം കൂടുതലും സൗഹൃദകൂട്ടായ്മകൾക്കുവേണ്ടിയാണ് രൂപപ്പെട്ടത്. മൊബൈൽ നമ്പർ ഉള്ളവരുമായി മാത്രം സംവദിക്കാൻ കഴിയുന്ന നവമാധ്യമസാദ്ധ്യതയായി മാറി വാട്സാപ്പ് സമൂഹത്തിലുണ്ടാകുന്ന ഏതു കാര്യങ്ങളെക്കുറിച്ചും ഞങ്ങളുടെ പ്രതികരണം രേഖപ്പെടുത്താനും അനുയോജ്യമായ വീഡിയോകളോ പോസ്റ്ററുകളോ നല്കാനും വാട്സാപ്പ് വഴിയൊരുക്കുന്നു.

ഫേസ്ബുക്കിനെ അപേക്ഷിച്ച് വാട്സാപ്പിനുള്ള ഒരു പരിമിതിയെന്നത് ഉപയോക്താവിന്റെ മൊബൈൽഫോണിലുള്ള നമ്പരിലൂടെ മാത്രമേ സൗഹൃദങ്ങളും ആശയങ്ങളും പങ്കുവയ്ക്കാൻ കഴിയൂ എന്നതാണ്. 'സ്കൈപ്പ്' എന്ന നവമാധ്യമം വ്യക്തിബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും ഫേസ്ബുക്കിനെ അപേക്ഷിച്ച് ചില പരിമിതകളുമുണ്ട്. എല്ലാ നവമാധ്യമങ്ങളെപ്പോലെയും ഇ-മെയിൽ അഡ്രസ്, ഫോൺ നമ്പർ, വ്യക്തിപരമായ കാര്യങ്ങൾ എന്നിവ നല്കി സ്കൈപ്പിൽ ഏതൊരാൾക്കും ഇടംനേടാവുന്നതാണ്. എന്നാൽ ഉപയോക്താവിന്റെ അക്കൗണ്ട് സ്കൈപ്പ് സ്വീകരിച്ചുകഴിയുമ്പോൾ എട്ടക്കങ്ങളുള്ള ഒരു രഹസ്യകോഡ് ലഭ്യമാകും. ഈ രഹസ്യ അക്കങ്ങൾ

Scanned with CamScanner

ഉപയോഗിച്ച് ഇതുപോലെ സ്കൈപ്പിൽ അക്കൗണ്ടുള്ളവരുമായി സംവദിക്കുകയോ വീഡിയോ കാണുകയോ അയച്ചുകൊടുക്കുകയോ സന്ദേശങ്ങൾ കൈമാറുകയോ ഒക്കെ ചെയ്യാവുന്നതാണ്. ഫേസ്ബുക്ക്, വാട്സാപ്പ്, സ്കൈപ്പ് തുടങ്ങിയ മാധ്യമങ്ങൾ മാത്രമല്ല, സൗഹൃദത്തിനും വിനോദത്തിനുമായി രൂപപ്പെടുത്തിയിരിക്കുന്ന ധാരാളം നവമാധ്യമങ്ങളെ നമുക്ക് കാണാം.

പുതുതലമുറ ആശയവിനിമയത്തിന് ഏറെ ഉപയോഗിക്കുന്നത് സൈബർ ലോകത്തെയാണ്. ഒരേസമയം ഒന്നിലധികം വ്യക്തികളോട് സംവദിക്കുവാൻ കഴിയുമെന്നത് ഈ നവമാധ്യമങ്ങൾക്ക് പുതുതലമുറകൾക്കിടയിൽ കർത്തൃത്വം നടത്തുന്നതിനുള്ള അവസരം നല്കി. നവമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഓരോ ലിഖിതങ്ങളും വർത്തമാനകാലത്തോടുള്ള വ്യക്തികളുടെ പ്രതികരണങ്ങളാണ്. സൈബർ ഉപയോക്താക്കളിൽ ഏറെയും വിജ്ഞാനത്തെക്കാൾ വിനോദത്തിനുവേണ്ടിയാണ് സൈബർമേഖലയെ ആശ്രയിക്കുന്നത്. എന്തുകൊണ്ടെന്നാൽ തിരക്കുപിടിച്ച ജീവിതത്തിനിടയിൽ സൗഹൃദത്തിനു കൊതിക്കുന്ന മനുഷ്യമനസ്സിന്റെ ആഗ്രഹപൂർത്തീകരണമാണ് ഫേസ്ബുക്ക്, വാട്സാപ്പ്, മെസഞ്ചർ, സ്കൈപ്പ് തുടങ്ങിയവയിലൂടെ നവമാധ്യമങ്ങൾ സാദ്ധ്യമാക്കുന്നത്.

പ്രായം, ലിംഗം, സ്ഥലം എന്നിവയ്ക്കനുസരിച്ച് ഓരോ വ്യക്തിയും തങ്ങൾക്ക് അനുയോജ്യരായ സൈബർ സുഹൃത്തുക്കളെ തെരഞ്ഞെടുക്കുകയും അവരോട് അനുഭവങ്ങളും അറിവുകളും പങ്കുവയ്ക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ കത്തിടപാടിനു സമമായ ഇ-മെയിൽ പുരോഗമിച്ചത് ചാറ്റിങ്ങിലൂടെയാണ്. ഗൂഗിൾ ചാറ്റും യാഹു മെസഞ്ചറുമാണ് ആദ്യമായി ചാറ്റിങ് ആരംഭിച്ചത്. അന്തർമുഖരാകുന്ന വ്യക്തികൾപോലും ഏറെ വാചാലരായി ചാറ്റിങ്ങിൽ ഏർപ്പെടുന്നതും ഇക്കാലത്തു സർവ്വസാധാരണമാണ്. കമ്പ്യൂട്ടർവത്കൃത സമൂഹത്തിലെ ഓരോ വ്യക്തിയും വെറുതെ ഇരിക്കുമ്പോൾ നേരംപോക്കുന്നതും കാര്യഗൗരവമുള്ള സംഗതികൾ അറിയുന്നതുമെല്ലാം ഈ നവമാധ്യമങ്ങളിലൂടെയാണ്. കേരള.ചാറ്റ്, ചങ്ങാതി.കോം, കേരളാകഫേ.കോം, കേരളാഫ്രണ്ട്സ്.കോം, മൈഇന്ത്യാ.കോം, സല്ലാപം.കോം എന്നിങ്ങനെ നിരവധി സൈറ്റുകൾ കേരളത്തിൽ ചാറ്റിങ് സജീവമാക്കുന്നതിന് പ്രവർത്തിക്കുന്നുണ്ട്. സൗഹൃദത്തെ ഊട്ടിയുറപ്പിക്കുന്ന നൂതന-നവമാധ്യമങ്ങൾ അനുദിനം സമൂഹത്തിൽ വളർന്നുകൊണ്ടിരിക്കുമ്പോൾ അവയിലുപയോഗിക്കുന്ന ഭാഷ എപ്രകാരമെന്ന് നാം മനസ്സിലാക്കേണ്ടത് ഏറെ അത്യാവശ്യമാണ്.

നവമാധ്യമങ്ങളിൽ പ്രകടമാകുന്ന ഭാഷാരീതി

മാധ്യമസംവിധാനത്തിലും വിതരണത്തിലും ഉപയോഗത്തിലും അഭൂതപൂർവ്വമായ പുരോഗതിയുടെ ഫലമായി ആശയവിനിമയ വിതരണരംഗത്തു സംഭവിച്ച മാറ്റമാണ് നവമാധ്യമം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. നവമാധ്യമങ്ങളിലെ ഭാഷ പരമ്പരാഗതഭാഷയ്ക്കതീതമായ അർത്ഥാന്തരങ്ങളും

Scanned with CamScanner

നവപാഠങ്ങളും സൃഷ്ടിച്ച് നിരന്തരം പരിണാമവിധേയമാണ്. പരമ്പരാഗത മാധ്യമങ്ങൾക്കുമേൽ നിയന്ത്രണമേർപ്പെടുത്തുന്ന ഭരണകൂടങ്ങളെ വെല്ലുവിളിച്ചുകൊണ്ട് പൗരകേന്ദ്രിതമായ ജനാധിപത്യമാണ് നവമാധ്യമങ്ങൾ നടപ്പാക്കുന്നത് എന്ന നിരീക്ഷണം ഏറെ ശ്രദ്ധേയമാണ്. (Curran James & Davud Morely (Ed) 2006, p. 278) കമ്പ്യൂട്ടർ, ലാപ്ടോപ്, മൊബൈൽ ഫോൺ, ടാബ് എന്നിവയിലെല്ലാം ഇന്റർനെറ്റ് അധിഷ്ഠിതമായ ലിഖിതഭാഷയാണു നാം ഉപയോഗിക്കുന്നത്. ടെക്സ്റ്റസെ, ചാറ്റ്പീക്ക്, ടെക്റ്റീസ് എന്നീ പേരുകളിലാണ് ഇന്റർനെറ്റ് അധിഷ്ഠിത ഭാഷകൾ അറിയപ്പെടുന്നത്. ലോക രാജ്യങ്ങളിൽ മിക്കതും ബ്രിട്ടന്റെ അധിനിവേശഭരണത്തിലായിരുന്നതിനാൽ കൂടുതൽ വ്യക്തികളെ തമ്മിൽ യോജിപ്പിക്കുന്നതിനും ആശയപ്രകാശനം എളുപ്പമാക്കുന്നതിനുംവേണ്ടിയാണ് മിക്ക നവമാധ്യമങ്ങളും ഇംഗ്ലീഷ് ഭാഷയോ ഇംഗ്ലീഷ്ഭാഷയുടെ ലിപികളണിഞ്ഞ തദ്ദേശഭാഷകളോ ആശയവിനിമയത്തിനായി കൂടുതലും ഉപയോഗിക്കുന്നത്.

ആധിപത്യത്തിന്റെ ഭാഷയായി ഗണിക്കുന്ന ഇംഗ്ലീഷ്ഭാഷയിൽപ്പോലും ഇന്റർനെറ് ഭാഷാപ്രയോഗത്തിൽ പ്രത്യേക അലിഖിത സൂചനാനിയമങ്ങൾ കാണാറുണ്ട്. നവമാധ്യമങ്ങളിൽ നാം ഉപയോഗിക്കുന്ന അക്ഷരങ്ങളുടെ വലുപ്പ-ചെറുപ്പഭേദങ്ങളും ചിഹ്നങ്ങളും സ്റ്റിക്കറുകളും ചിത്രങ്ങളുമെല്ലാം വക്താവിന്റെ മനോനിലയെ സൂചിപ്പിക്കുന്നതാണ്. ഇംഗ്ലീഷിലെ വലിയ അക്ഷരം (CAPITAL LETTERS) അധികാരഭാവത്തിലുള്ള സംസാരത്തെയും ആക്രോശത്തെയും സൂചിപ്പിക്കുന്നുവെന്നും ചെറിയ അക്ഷരങ്ങൾ (small letters) വിധേയത്വത്തെയും അംഗീകാരത്തെയും സൂചിപ്പിക്കുന്നുവെന്നുമുള്ള നവഭാഷ പ്രയോഗിക്കുന്നവരുടെ അഭിപ്രായം മുൻപറഞ്ഞ ആശയത്തെ സമർത്ഥിക്കുന്നതാണ്. ഇന്റർനെറ്റ് എന്ന നവമാധ്യമത്തിന്റെ ഒരു ഉത്പന്നമായ ഇ-മെയിലിൽ ഉപയോഗിക്കുന്ന ഭാഷ സാമൂഹികപരിണാമഭാഷയുടെ ഘടനയിലുണ്ടായ മാറ്റത്തിന്റെ ദൃഷ്ടാന്തമാണ്.

ഫേസ്ബുക്ക്, വാട്സാപ്പ്പോലുള്ള സൗഹൃദകൂട്ടായ്മയിൽ ഉപയോഗിക്കുന്ന Hii Frnz..., nycbros..., buddies, dudes, guys, g8, gmg, ur, 4u (For you), 5n(Fine), Aftnun, njoy, evde തുടങ്ങിയ പദങ്ങളും ചാറ്റിങ് കൂട്ടായ്മയിൽ പ്രധാനമായും കാണുന്ന mmm, nta, Yep, Amm, CU (See You), Eh, Nik, Ntg, Swt drmzz, Tc, Bcz തുടങ്ങിയ പദങ്ങളും നവമാധ്യമങ്ങളിൽ നിരന്തരം കടന്നുവരാറുള്ളതാണ്. FWTW-For What Its Worth, IIRC-If I Remember Correctly, IMO- In My Opinion, FYI-For Your Information തുടങ്ങിയ പ്രയോഗങ്ങൾ വൻകിടകമ്പനികളുടെ മെയിലുകളിൽപ്പോലും മിക്കവാറും ദർശിക്കാവുന്നതാണ്. എന്നിരുന്നാലും ഇവയിലെല്ലാം പൊതുവായി ഉപയോഗിക്കുന്ന ഭാഷാഘടന പ്രധാനമായും അഞ്ചുവിധത്തിലുള്ളതാണ്. അവ,

1. പദങ്ങളുടെ ആദ്യഭാഗങ്ങൾ മാത്രമെഴുതുക.

Clg(College), Adm(inistration), Mob(ile), Exam(ination), Uni(versity).

Scanned with CamScanner

2. വാക്കിന്റെ ആശയം ചോർന്നുപോകാതെ ചെറുതാക്കുക.

K-Okey, Thanx-Thanks, Luv-Love, omigod-Oh My God, Skool School

3. അർത്ഥം പരിഗണിക്കാതെ വാക്കുകളുടെ ആദ്യപദം കൂട്ടിച്ചേർക്കുക.

NP-No Problem-Not Paid, DL-Download, BF-Boy Friend.

4. അക്കങ്ങളോ പ്രതീകങ്ങളോ ഒറ്റഅക്ഷരമോ പ്രയോഗിക്കുക.

G8-GoodNight, Gmg-Good morning, B4-Before, zzz-Sleeping, @At,

5. സ്വരാക്ഷരങ്ങൾ ഒഴിവാക്കുക.

Advt-Advertisement, Tmrw-Tomorrow, Msg-Message, Pswd-Password, Btfl-Beautiful, IIRC-If I Remember Correctly, IMO- In My Opinion.

നവമാധ്യമങ്ങളിൽ ഇത്തരം ഭാഷാഘടന പ്രത്യക്ഷപ്പെടുന്നത് ആധുനിക തലമുറയുടെ ഇംഗ്ലീഷ് ഭാഷാപ്രണയവും എന്തിലും പുതുമ കണ്ടെത്തുന്നതിനുള്ള അവരുടെ ശ്രമവുമാണെന്ന് നമുക്കു കണ്ടെത്താനാകും.

ഉപസംഹാരം

കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും സ്വാധീനം സാമൂഹികജീവിതത്തിലും സംസ്കാരങ്ങളിലും സർവ്വോപരി ഭാഷയിലും സൃഷ്ടിച്ച പരിണാമങ്ങളാണ് ഈ പ്രബന്ധം പഠനവിധേയമാക്കിയത്. സംസ്കൃതത്തിന്റെയും ദ്രാവിഡത്തിന്റെയും സംസർഗ്ഗസമന്വയഫലമായി രൂപംകൊണ്ട മലയാളഭാഷയുടെ ഘടനയ്ക്ക് വർത്തമാനകാലത്തിലുണ്ടായ മാറ്റമാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. കമ്പ്യൂട്ടർ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ, മറ്റ് ആധുനിക സാങ്കേതിക ഉപകരണങ്ങൾ എന്നിവ ഇംഗ്ലീഷ്ഭാഷയ്ക്കു നല്കുന്ന വർദ്ധിച്ച പ്രാമാണ്യവും അത് മലയാളഭാഷയുടെ ബാഹ്യ-ആന്തരികഘടനയിൽ ചെലുത്തിയ സ്വാധീനവും മലയാളഭാഷയുടെ വർത്തമാനകാല അവസ്ഥയും സൂക്ഷ്മമായി നാം മനസ്സിലാക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ഭാഷാപ്രയോഗരീതിയിലുള്ള വൈവിദ്ധ്യം, ഉച്ചാരണരീതിയിലധിഷ്ഠിതമായ രചനാരീതി, ഭാഷാഭേദങ്ങളുടെ കടന്നുവരവ്, സംസാരത്തിന്റെ ചടുലത, എഴുത്തിൽ പ്രത്യക്ഷപ്പെടുന്നതിനായി ഉപയോഗിക്കുന്ന ചുരുക്കെഴുത്ത് തുടങ്ങിയ പ്രയോഗരീതികൾ നവ മാധ്യമഭാഷയിൽ പ്രത്യക്ഷവും പരോക്ഷവുമായി കടന്നുവരുന്നുണ്ട്. അവയിൽ സ്വാഗതാർഹമായ പ്രയോഗങ്ങളെ ഉൾക്കൊള്ളുകയും വികലപ്രയോഗങ്ങളെ ഒഴിവാക്കുകയും ചെയ്ത് മലയാളഭാഷയുടെ ജീവൻ നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടത് ഭാഷാസ്നേഹികളായ നാം ഓരോരുത്തരുടെയും കർത്തവ്യമാണ്.

ഗ്രന്ഥസൂചി

1. ജോസ് കെ. മാനുവൽ (എഡി.), 2014, *നവമാധ്യമങ്ങൾ - ഭാഷ,സാഹിത്യം സംസ്കാരം*, സാഹിത്യപ്രവർത്തക സഹകരണസംഘം: കോട്ടയം.

Scanned with CamScanner

2. ജസ്റ്റിൻ രാജ് (എഡി.), 1984, പോൾ മണലിൽ, *മാധ്യമനിരീക്ഷണം*, കറന്റ് ബുക്സ്: കോട്ടയം.
3. നാരായണൻ വി. കെ., 2000, *മാധ്യമവും ഭാഷയും*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്: തിരുവനന്തപുരം.
4. വിളനിലം ജെ.വി., 1985, *കമ്യൂണിക്കേഷൻ*, ഡി.സി. ബുക്സ്: കോട്ടയം.
5. ഗോപാലകൃഷ്ണൻ, നടുവട്ടം, 2012, *മലയാളം ക്ലാസിക് ഭാഷ - പഴക്കവും വ്യക്തിത്വവും*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്: തിരുവനന്തപുരം.
6. പോൾ മണലിൽ, *2000, മാധ്യമങ്ങളും സമൂഹവും*, സി.എസ്.എസ്: തിരുവല്ല.
7. തോമസ് എം.വി., 2000, *മാധ്യമങ്ങളും മലയാളസാഹിത്യവും (ലേഖനസമാഹാരം)*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്: തിരുവനന്തപുരം.
8. ഫാൻസിസ് കാരക്കാട്ട്, *2009, എസ്.ഡി.ബി. മാധ്യമതലമുറയുടെ മാർഗ്ഗദർശി*, കെ. സി.എസ്.എൽ. പബ്ലിക്കേഷൻസ്.
9. ആദർശ് വി.കെ., 2012, *വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിൽ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്: തിരുവനന്തപുരം.
